2928

VILASINI LIBRAR

ATATHIL

# നമ്മുടെ നാടൻപാട്ടുകളും നാടൻകഥകളും

പ്രസാധകൻ
ഷേണായ്

മാർ

2928

# നമ്മുടെ
# നാടൻ പാട്ടുകളും നാടൻ കലകളും

SAMATHYA VILASINI LIBRARY & R... QUILON ... RYATHUL ... HUDY ...

പ്രസാധകന്മാർ:
പ്രഭാതം പ്രിൻറിംഗ് & പബ്ലിഷിംഗ് കമ്പനി
(പ്രൈവററ്) ലിമിററഡ്

2928

# നമ്മുടെ
# നാടൻ പാട്ടുകളും
# നാടൻ കലകളും

SAHITHYA VILASINI LIBRARY & ...
QUILON
AYATHIL

സമ്പാദകൻ:
പ്രേംനാഥ്

പ്രഭാത് ബുക്ക് ഹൗസ്, എറണാകുളം.

1956

ഒന്നാം പതിപ്പ് .... .... ഡിസംബർ 1956

വില—1 ക

അച്ചടി.– പരിഷന്മുദ്രണാലയം, എറണാകുളം, കോപ്പി–1500

“നാടൻ പാട്ടുകളും നാട്ടുകഥകളും” വായനക്കാർക്കു [illegible] ആചാരങ്ങളും [illegible] പ്രാചീനകേരള സംസ്കാര[illegible] [illegible] [illegible] [illegible] [illegible] അംഗീകരിക്കുന്നതി-ന് ശുപാർശ ചെയ്തുകൊള്ളുന്നു.

Parur
25-4-56

A Balakrishna Pillai
Editor, Kesari

2928
SAHITHYA VILASINI LIBRARY & R.R. QUILON AYATHIL NORTH

8438

SAHITHYA VILASINI LIBRARY & ...
QUILON
AYATHIL • ...

ആശയവിനിമയത്തിന് ഭാഷ ഉപയോഗിക്കാൻ തുടങ്ങിയ അതിപ്രാചീനകാലംമുതല്ക്കേ മനുഷ്യന്റെ കലാവാസനയുടെ ബഹിർപ്രകടനമായി, ജനകീയ ഗാനങ്ങളുടെ ഗായകർ, ദേശീയമായ സമസൃഷ്ടിബോധത്തോട് ഗാനത്തിൽ സവിശേഷം ലയിച്ച്, സ്വന്തം വ്യക്തിത്വം സ്വയം മറന്ന് സ്വായത്തമായ സാമാന്യഭാഷയിൽ അനുഭവരസികത്വം കലർത്തി പാടീട്ടുള്ളതാണല്ലോ നാടോടിപ്പാട്ടുകൾ.

ഓലയുടെയോ നാരായത്തിന്റെയോ ഒത്താശകൂടാതെ, കടലാസ്സിന്റെയോ അച്ചടിയുടെയോ സഹായമില്ലാതെ, പകർത്തി എഴുതുന്നവരുടെ ആക്രമണങ്ങൾക്ക വിധേയമാകാതെ, കേവലം വായ്പാട്ടായ് പകർന്ന് ഇന്നും നമ്മുടെ ഗ്രാമീണരുടെ ഇടയിൽ പ്രാചീനഗാനങ്ങൾ മാറെറാലി കൊള്ളുന്നു.

സാഹചര്യങ്ങളുടെ സമ്മർദ്ദംമൂലം മനുഷ്യന്റെ സാമൂഹ്യജീവിതത്തിൽ ഉണ്ടാകുന്ന ക്ലേശങ്ങളെ തരണം ചെയ്യുവാൻ, സുന്ദരങ്ങളായ ആശയങ്ങളാൽ നെയ്തെടുത്ത്, മാധുര്യമുള്ള വാക്കുകളാൽ കോർത്തിണക്കി, 'ആട്ടമാടിയും—പാട്ടുപാടിയും' ജീവിതം സുമധുരമാക്കുവാൻ ഉതകുന്ന ഈരടികൾ, താളത്തിനൊത്ത് ചുവടുവച്ച് നമ്മുടെ പഴവന്മാർ

പാടി. തലമുറ തലമുറകളായി കൈരളിയുടെ ഹൃദയാന്തർഭാഗത്തുനിന്നും ഉതിർന്നുവീണിട്ടുള്ള ചില ഈരടികളും അതിൻെറതായ നാടൻകലകളുടെയും ഒരു ചെറിയ സമാഹാരമാണ് ഈ കൊച്ചുപുസ്തകം.

ഇന്നത്തെ വിദ്യാഭ്യാസരീതിയെ പലരും അധിക്ഷേപിക്കുന്നുണ്ട്. മാതൃകാപരമായ വിദ്യാഭ്യാസപദ്ധതി ആവിഷ്കരിക്കുന്നതിന് ഗവണ്മെൻറും, വിദ്യാഭ്യാസധുരന്ധരന്മാരും തലപുകഞ്ഞു ചിന്തിക്കുകയാണ്. ഭാവിതലമുറയ്ക്ക് സുദൃഢമായ വിദ്യാഭ്യാസസരണി ആവിഷ്കരിക്കുന്നതിന് ഇന്നുവരെ സാധിച്ചിട്ടില്ല എന്നു സമ്മതിച്ചേ തീരൂ. വിദേശവിദ്യാഭ്യാസം ഒരുതരത്തിൽ അനുഗൃഹീതവും, ഒരു ശതമാനം ആപൽക്കരവുമായി പരിണമിച്ചു എന്നുള്ളതാണ് യാഥാർത്ഥ്യം. പാശ്ചാത്യപരിഷ്കാരത്തിൽ വിഭ്രമിച്ചുപോയ ബിരുദധാരികളും, കാണുന്നതെല്ലാം അതേപടി പകർത്തുന്ന അനുകരണമനോഭാവവും നിമിത്തം നാടിൻെറ പാരമ്പര്യത്തെയും നാട്ടുകാരുടെ രക്തത്തിൽ കലർന്നിട്ടുള്ള സംസ്കാരത്തേയും തച്ചുടച്ച് 'മെക്കോളോ' പ്രഭു ആസൂത്രണം ചെയ്ത വിദ്യാഭ്യാസപദ്ധതി അതേപടി പകർത്തി......ആ സരണിയിൽനിന്നും വ്യതിയാനം ചെയ്യുന്നതിന് ഇന്നും സാധിക്കുന്നില്ല. കേവലം എഴുത്തും വായനയും പഠിപ്പിക്കുന്ന വിദ്യാലയങ്ങളാണ് നമുക്കുള്ളത്.

ഒരു രാഷ്ട്രത്തിൻെറ ഭാവി മൊട്ടിട്ടു വികസിച്ചുവരുന്ന പിഞ്ചുപൈതങ്ങളുടെ ആരോഗ്യത്തെ ആശ്രയിച്ചിട്ടാണെന്നുള്ളത് കേവലം പരമാർത്ഥമാണ്. പാശ്ചാത്യമോഡലി

ലുള്ള ഡ്രിൽ സമ്പ്രദായങ്ങളും, പേരിനു മാത്രമുള്ള പന്തുക ളിയും സെൻട്രൽ ഗവണ്മെൻറിൻെറ നേതൃത്വത്തിലുള്ള സൈനികപരിശീലനവും മാത്രമാണ് ശാരീരികമായുള്ള വിദ്യാഭ്യാസപരിപാടികൾ.

ശാരീരികമായും മാനസികമായും സാംസ്കാരികമായും ഉണർവും ഉന്മേഷവും നൽകുന്ന നമ്മുടെ നാടൻപാട്ടുകളും നാടൻ കലകളും കാലത്തിനനുസൃതമായ വിധത്തിൽ പഴമ കളയാതെ പുതുമയോടുകൂടി വിദ്യാലയങ്ങളിൽ അവതരി പ്പിക്കേണ്ട കാലം അതിക്രമിച്ചു.

നാടൻപാട്ടുകളും നാടൻ കലകളും വിദഗ്ദ്ധമായ ശി ക്ഷണത്തിൽ നമ്മുടെ വിദ്യാലയങ്ങളിൽ അവതരിപ്പിക്കു വാൻ എൻെറ എളിയസേവനം പ്രയോജനപ്പെട്ടുമെങ്കിൽ ഞാൻ കൃതാൎത്ഥനാണ്.

പ്രേംനാഥ്

# താളുകൾ മറിക്കുമ്പോൾ

1. കൈകൊട്ടിക്കളി

    1) ഒന്നാകും കുന്നിലും
    2) ഒന്നാം കുന്നും
    3) ഒന്നാം കുററിയ്ക്കും
    4) ഒന്നു കുരു
    5) തത്തക്കിളിക്കൊത്ത
    6) ഒന്നാം കടലക്കരെ
    7) ഒന്നാം കെണപതി
    8) ഒരടയ്ക്കാ മൂടുവെട്ടി
    9) ഒന്നാം മാനകം
    10) ഒന്നാകും കൊള്ളാം

2. കുമ്മി

3. മാണിക്കച്ചെമ്പഴുക്ക

    1) അക്കയ്യിലിക്കയ്യിലോ
    2) അപ്പൊയുക്കാ

4. തിരുവാതിര

    1) ഒന്നാകും ചിത്തിരക്കമ്പേ
    2) വത്സരമൊന്നാകും
    3) താമരപ്പൂവാഴ
    4) കാലത്തൊരിക്കലും

5. പാർവ്വള്ളിക്കളി

6. തീവണ്ടിക്കളി

7. തുമ്പിതുള്ളൽ

1) ഒന്നാം തുമ്പിയെ

2) ഒന്നാകും കൊച്ചുതുമ്പി

3) ഇട്ടിരിക്കാൻ പൊൻകുരണ്ടി

8. വള്ളപ്പാട്ട്

1) കറുത്തപെണ്ണേ

2) തെക്കവടക്ക

9. പെൺതരുമോ തോഴിമാരെ

1) അശകൊശലേ

2) താലിപീലി

3) വെട്ടചിരട്ടെ

4) മിന്നൊളിവിൽത്തൊളി

5) കുരുകുരുമച്ചാം

10. തലയാട്ടം

11. പയ്യും പുലിയും

12. കുടംകളി

1) ഒന്നാം മണിക്കിണററിൽ

2) കുടമൂതെടി

3) ഒന്നാം മണലിലരയാലും

4) ഒന്നു പെററ നാത്തൂനാരേ

5) ഒന്നാംകുമ്പും

13. ആട്ടകളി

14. മുടിയാട്ടം

1) മണ്ണാടി
2) നൂറെക്കീഴക്കുന്നാണ്ടോരു
3) ആനക്കളി
4) മാൻകളി
5) കാക്കക്കളി
6) കുമ്മി.

15. കളരിയും പടപ്പാട്ടുകളും

1) പരിശകളി
2) പരിശമുട്ടുകളി
3) മാർഗ്ഗം കളി
4) കമ്പുകളി
5) കോലാട്ടം
6) ചുവടുകളി
7) വട്ടക്കളി

a. കളരിവണക്കം
b. സഭവണക്കം
c. വേഷസംവിധാനം

i. പരിശകളിയുടെ വേഷം
ii. പരിശമുട്ടുകളിയുടെ വേഷം

d. പടക്കളം
e. മെയ്‌വഴക്കം
f. ചുവടുകളി
g. പടക്കുതിര
h. പടയെ വെല്ലുവിളിക്കുന്നതു്
i. വെട്ടത്തുനാട്ടിലെ എട്ടുണ്ണിമാർ

j. വേടന്മാരുടെ കവണയുദ്ധം

k. ചതിവാളു വെട്ടുന്നവരോടു്
എതിരിടുന്നതു്

l. മലയാളിയുടെ കുഴൽനാദംകേട്ടപ്പോൾ

m. യുദ്ധത്തിനു പോകുന്നതിനു്
അനുവാദം ചോദിക്കുന്നതു്

n. നടുകണ്ണം

o. തെക്കം കുററിത്തമ്പുരാനും-പാണ്ടി
ത്തുലുക്കനുമായുള്ള യുദ്ധം

p. മലയാററൂർ പള്ളി

q. ചന്തിരനൊത്തവളോ

r. കാട്ടുവനം

s. കേട്ടോ സ്നേഹിതരെ

t. നൂലാംമാല

u. മയിലാട്ടം

v. ഒളംചവിട്ടു്

16. താരാട്ടുപാട്ടു്
17. കൊച്ചുമച്ചമ്പി
18. തലപ്പന്തു് അഥവാ കുററിപ്പന്തു്
19. കിളിത്തട്ടുകളി
20. കുടുകുടുകളി
21. കേരളത്തിലെ നാടൻ കലകൾ

# കൈകൊട്ടിക്കളി

യുവതികളുടെ സമൂഹനൃത്തമാണ് കൈകൊട്ടിക്കളി. വട്ടത്തിൽനിന്ന് ചുവടുവച്ച്, മൂന്നാംചുവടിൽ മുന്നോട്ടുകയറി, നാലാം ചുവടിൽ നടന്നുകളിച്ച്, ഏഴാം ചുവടിൽ പുറകോട്ടുപോരുമ്പോൾ, താളത്തിനൊത്ത് ഇരുകൈകൾ കൊണ്ടും താളംകൊട്ടി, മനംകവരുന്ന ഈരടികൾ പാടി, ചാടിക്കളിക്കുന്നത് വളരെ ആയാസമുള്ള നൃത്തസംവിധാനമാണ്. കാണികളുടെ കണ്ണും കാതും കവരുന്ന ഈ മനോഹരനൃത്തം കേരളീയർക്ക് പ്രത്യേകമായിട്ടുള്ള കലാപ്രകടനമാണ്.

'തക്കമിട്ട്' താളത്തിനൊത്ത മേളത്തോടുകൂടി തരുണീമണികൾ കൈകൊട്ടിക്കളിക്കുമ്പോൾ, ഈരടികൾ സ്വതഃസിദ്ധമായ ഭാവനയിൽ നിന്നും ഉതിർന്നുവീഴുന്നത് സ്വാഭാവികമാണ്.

ഒന്നാകും കുന്നിലും
ഓരടിക്കുന്നിലും
ഓരടിക്കുന്നിമാർ
പാലനട്ടേ തെയ്യം.

പാലക്കിലവന്നു
പൂവന്നു കാ വന്നു
പാലയ്ക്കു നീർകൊട്ടു
കാർകുഴലി തെയ്യം.

തക്കമിട്ടും—തെയ്യം
താളമിട്ടും—തെയ്യം
താളത്തിനൊത്ത
മേളമിട്ടും തെയ്യം.

തെയ്യം=ദൈവം. തെയ്യിത്തിന്നന്ത, തെയ്യത്താൻ, തെയ്യത്താറ, തീയോതിന്നന്തൊ എന്നുള്ള പ്രാചീനപ്രയോഗങ്ങളെല്ലാം 'തെയ്യം' എന്ന പ്രാകൃതരൂപത്തിൽ നിന്നുമുണ്ടായിട്ടുള്ളതാണു്.

കുറിപ്പു്:— "പാലയ്ക്കു നീർകൊട്ട കാർകുഴലീ" എന്നതിനു പകരം "പാലയ്ക്കു നീർകൊട്ട പാർവ്വതിയെ" എന്നു് ചില സ്ഥലങ്ങളിൽ പാടാറുണ്ടു്. ചില സ്ഥലങ്ങളിൽ "തെയ്യം" എന്ന പദം ഉപയോഗിക്കാറില്ല. രീതിയ്ക്കും വ്യത്യാസം ഉണ്ടാകാറുണ്ടു്. മദ്ധ്യതിരുവിതാംകൂറിൽനിന്നും ശേഖരിച്ചതു്.

★

ഒന്നാം കുന്നും
ഒരുമല കുന്നമ്മേ
ഒന്നല്ല മങ്കമാർ പാലനട്ടേ
പാലക്കിലവന്നു
പൂവന്നു കാ വന്നു
പാലയ്ക്കു നീർകൊട്ട പാർവതിയെ
ഞാനല്ല പൈങ്കിളി
ഓമലപൈങ്കിളി
താണിരുന്നാടുന്ന പൊന്നോമൽക്കിളി

ചുണ്ടുകറപ്പനും
തൂവൽചൊവപ്പനും
മഞ്ഞച്ചേറക്കിളി കൂടറിഞ്ഞു

അത്തത്തണയിട്ടു
താമരയെണയിട്ടു
എങ്ങിനെ കൊത്തിയെണവിരിക്കും

തൻെറ കുലം ചൊല്ലി
തായക്കുലം ചൊല്ലി
തങ്ങളിക്കൊത്തിയെണവിരിക്കും.

കുറിപ്പ്:—മലബാറിൽ പാടാറുള്ളതു് ഇപ്രകാരമാണ്. ഈരടികൾ തമ്മിൽ വ്യത്യാസം ഉണ്ടു്. തുമ്പി തുള്ളുമ്പോഴും ചില സന്ദർഭങ്ങളിൽ ഈ പാട്ടു് പാടാറുണ്ടു്.

മയിൽപ്പേടകളെപ്പോലെ ആടിയും, കുയിലിനെപ്പോലെ പാടിയും, താണിരുന്ന് പൂപറിക്കുന്നതുപോലെ അഭിനയിച്ചും മാവേലിദേശത്തെ മഹിളാമണികൾ കൈകൊട്ടിക്കളിക്കുമ്പോൾ പാടാറുള്ള പാട്ടു്:—

ഒന്നാം കുററിക്കും താണിരുന്നേപെണ്ണു—
ങ്ങൊന്നരനെല്ലിനും പൂവിറുത്തേ
ചെമ്മക്കുളത്തിലെ ചെമ്മയിലെ
മയിലാടട്ടെ കുയിൽ പാടട്ടെ
ആടട്ടെ മയിലാടട്ടെ
മാവേലി തേയം മയിലാട്ടം
അച്ഛനാണും വലം ചങ്കിനാണം-വലം
എന്നെ വളർ വെട്ടിതല്ലരുതേ

ചെമ്മം=ജന്മം. തേയം=ദേശം. വളർ="വടി"ക്കായി ഉപയോഗിക്കുന്ന കാട്ടുചെടി. ആനയെ അടിക്കുന്നതിനു് "പാപ്പാന്മാർ" ഉപയോഗിക്കുന്നതു് വളർവടിയാണു്.

അമ്പും വില്ലുമായി, പള്ളിമെത്തയിലാടി വരുന്ന തമ്പുരാൻെറ മുമ്പിൽ പുള്ളിമാൻ ചാടിക്കളിക്കുന്നതുപോലുള്ള, മനോഹര നൃത്തസംവിധാനത്തിൻെറ ഈരടികൾ:—

ഒന്നു കുരു തമ്പുരാനൊരു
പള്ളിപ്പണം വെയ്ക്കണം
പള്ളിപ്പണം വെച്ചാല്പ്പോരാ
പള്ളിമെത്തയിലാട്ടം
പള്ളിമെത്തയിലാടി വരുമ്പം
പുള്ളിമാൻെറ ചാട്ടം
പുള്ളിമാൻെറ ചാട്ടം കണ്ടി–
ട്ടമ്പും വില്ലും തുള്ളട്ടെ.

കുറിപ്പ്:– പള്ളി എന്ന വാക്കു് ബഹുമാനസൂചകമായിട്ടാണു് ഉപയോഗിക്കുന്നതു്. ഉദാഹരണത്തിനു്, പള്ളിവേട്ട, പള്ളിയുറക്കം, പള്ളിമെത്ത ആദിയായ പദങ്ങൾ. മദ്ധ്യതിരുവിതാംകൂറിൽ നിന്നും ശേഖരിച്ചതു്. മലബാറിൽ കുറത്തിമട്ടിലാണു് ഈ പാട്ടു് ഗ്രാമീണർ പാടുന്നതു്.

മുഹമ്മദീയ വനിതകൾ അവരുടേതായ ഈണത്തിൽ പാട്ടുപാടി കൈകൊട്ടിക്കളിക്കുമ്പോൾ, ചില സന്ദർഭങ്ങളിൽ 'അറവാന' ത്താളം കൂടി ഉപയോഗിക്കാറുണ്ടു്.

തത്തക്കിളിക്കൊത്ത
തയ്യൽമൊകമൊത്ത
തഞ്ചംപോൽ കൊഞ്ചുന്ന
നാളെത്തെന്നാം.

മുത്തുക്കുലപോലെ
നിത്തിയം തെളിയുന്ന
മഞ്ചത്തിൽ വല്ലിയെ
കാണുന്നതെന്നാം.

തേനെക്കുടിപ്പാനായ്
കൊതിവച്ച വണ്ടിൻെറ
ദാഹം തണിയുന്ന
നാളെത്തെന്നാം.

കുറിപ്പ്:- മദ്ധ്യതിരുവിതാംകൂറിൽ നിന്നും ശേഖരിച്ചതു്.

---

കടലാസ്സും അച്ചടിയും കണ്ടുപിടിക്കുന്നതിനു മുമ്പ് 'പനയോല'യാണ് എഴുതുന്നതിനായി കേരളീയർ ഉപയോഗിച്ചിരുന്നതു്. താളിയോലയുടെ മാഹാത്മ്യത്തെ വർണ്ണിച്ചുള്ള ഈരടികൾ പാടി കൈകൊട്ടിക്കളിക്കുമ്പോൾ, താളമേളങ്ങളും ചുവടും ഒന്നു വേറെ തന്നെയാണ്.

ഒന്നാം കടലക്കരെ ചെന്നമ്മ
കൊണ്ടുവന്നമ്മ പനയോല
മുത്തു കുത്തും പൊന്നോല
മുഖത്തണിയും പൊന്നോല

കാതിലോല കുരിയമ്മച്ചെമ്മം
കാതിലിളതാം പൊന്നോല
ഒരോല ഒരു വാചകമേ
തേവകന്നി—തേവകന്നി
പാണ്ടിമങ്ങലം പൊന്നോല
കൊല്ലത്തു രാജാവു കേറിവരികയും
ചെപ്പുക്കുതിരയും പൊന്നോല

കാതിലോല=കാതിൽ ഇടുന്ന പനയോലകൊണ്ടുള്ളതാഭരണം. കുരിയമ്മച്ചെമ്മം=പാരമ്പര്യമായുള്ള അവകാശം. തേവകന്നി= സൌന്ദര്യവതിയായ കന്നിപ്പെണ്ണു്. കന്നി=അവിവാഹിത. പാണ്ടിമങ്ങലം=പാണ്ടിദേശം. മങ്ങലം-ദേശത്തിനും വീടിനും "മങ്ങല"മെന്നു് പ്രാചീനകാലത്തു് പറയപ്പെട്ടിരുന്നു.

卐卐卐卐卐卐卐卐卐卐

മുല്ലപ്പൂ ചൂടിയ തരുണിമണികൾ, നിലവിളക്കിനു ചുററും നിന്നു് നിഴലിടാതെ അതിവേഗത്തിൽ ചാടികളിക്കുമ്പോൾ പാടുന്ന പാട്ടു്:-

ഒന്നാം കെണപതി
പകവതി—ഓഫോ
എനിക്കാരും തന്നതുമല്ല
ഞാനൊട്ടുമെടുത്തതുമല്ല
മുല്ലേടെ ചുവട്ടിൽ കൂടി
കളിയാടാൻ പോയപ്പോൾ
മുല്ലപ്പൂ പകന്റെന്റെ
മുടികെട്ടിൽ വീണതാണേ.

* * * *

ഒരടയ്ക്കാ മൂട്ടവെട്ടി
പരുത്തിമൂട്ടിൽ നിരത്തിവച്ച്
നിലവിളക്കും കൊളുത്തിവച്ച്
നിഴലിടാതെ പോരുപെണ്ണേ.

മദ്ധ്യതിരുവിതാംകൂറിൽനിന്നും ശേഖരിച്ചതു്.

പൈങ്കിളിയെപ്പോലെ ചുററിപ്പറന്നും, ചിറ മുമ്പിൽ, പരൽമീൻ ഓടി മറിയുന്നതുപോലുള്ളതുമായ അഭിനയ ചാതുര്യം കൈകൊട്ടിക്കളിക്കുമ്പോൾ ഉണ്ടായിരിക്കണമെന്നുള്ള യാഥാർത്ഥ്യം ഈരടികളിൽനിന്നു തന്നെ മനസ്സിലാക്കാം.

ഒന്നാം മാനകം തെരളിമാനക്കിളി
ഒന്നല്ലോ മാനകം മുട്ടയിട്ടേ
മുട്ടകൾ, താരകൾ, ചെട്ടികൾ, ചീരകൾ
അക്കുഞ്ഞു പോയതും പാർക്കടലിൽ
പാർക്കടൽ ചുററിപ്പറക്കുന്നുണ്ടക്കിളി
നീർക്കുഴിയിട്ടു നെകരുന്നുണ്ടേ.

മദ്ധ്യതിരുവിതാംകൂറിൽനിന്നും ശേഖരിച്ചതു്.

പൊന്നിൻ ചിങ്ങത്തിലെ പൊന്നോണക്കാലത്ത് പാലുപോലുള്ള നിലാവെളിച്ചത്തിൽ, കൂട്ടം കൂട്ടമായി വിനോദത്തിലേർപ്പെടുമ്പോൾ വളരെ ഗഹനങ്ങളായ വിഷയത്തെ പരാമർശിച്ചും അവർ പാടാറുണ്ട്. കളങ്കരഹിതമായ ഹൃദയത്തിൽനിന്നും നിർഗമിച്ചിട്ടുള്ള മനോജ്ഞ ഗാനങ്ങൾ ആശയസമ്പന്നങ്ങളും നീതിസാരങ്ങളുമാണ്:

ഒന്നാകും കൊള്ളാം കൊള്ളാം
ഒററപറിയിണ്ണ പെണ്ണുങ്ങളെ
രണ്ടാകും കൊള്ളാം കൊള്ളാം
ചുണ്ടിപറയിണ്ണ പെണ്ണുങ്ങളെ.
മൂന്നാകും കൊള്ളാം കൊള്ളാം
മൂന്നേററം തിന്നുന്ന പെണ്ണുങ്ങളെ
നാലാകും കൊള്ളാം കൊള്ളാം
നാണമില്ലാത്ത പെണ്ണുങ്ങളെ.
അഞ്ചാകും കൊള്ളാം കൊള്ളാം
അഞ്ചിലും കൊഞ്ചുന്ന പെണ്ണുങ്ങളെ.
ആറാകും കൊള്ളാം കൊള്ളാം
അറിവില്ലാത്ത പെണ്ണുങ്ങളെ
ഏഴാകും കൊള്ളാം കൊള്ളാം
എഴുത്തറിയാത്ത പെണ്ണുങ്ങളെ.
എട്ടാകും കൊള്ളാം കൊള്ളാം
പൊട്ടുതൊട്ട പെണ്ണുങ്ങളെ
ഒൻപതാകും കൊള്ളാം കൊള്ളാം
പൊന്നണിഞ്ഞ പെണ്ണുങ്ങളെ.
പത്താകും കൊള്ളാം കൊള്ളാം
പത്തു മാസവും പെണ്ണുങ്ങൾക്ക്!

കുറിപ്പ്:- മദ്ധ്യതിരുവിതാംകൂറിൽ നിന്നും ശേഖരിച്ചത്. ഒററ പറയുന്നവരും, ചൂണ്ടിപറയുന്നവരും, അമിതമായി ആഹരിക്കുന്നവരും, നാണമില്ലാത്തവരും, എല്ലായിടത്തും കൊഞ്ചിക്കുഴയുന്നവരും, അറിവില്ലാത്തവരും, വിദ്യാഭ്യാസമില്ലാത്തവരും, കൃത്രിമമായി സ്വയം അലങ്കരിക്കുന്നവരും, ആഭരണങ്ങളിൽ ഭ്രമമുള്ളവരു

മായ സ്ത്രീകൾ അസത്തുക്കളാണ്. കുടുംബിനികളാകു വാൻ യോഗ്യതയില്ലാത്തവരാണ്. അവരോടുള്ള താക്കീതാണ് അവസാനത്തെ രണ്ടു വരികൾ. "സ്ത്രീയായാൽ ഗർഭിണിയാകും. പത്താം മാസത്തിൽ പ്രസവിക്കണം. അന്ന് അനുഭവിക്കാൻ പോകുന്ന നരകയാതന! ..........അല്പം ചിന്തക്കു!"

അമിതമായ എല്ലാ അഹങ്കാരങ്ങളും ദൂരീകരിച്ച് ഒരുഉത്തമ വനിതയാകുവാൻ ആഹ്വാനം ചെയ്യുകകൂടിയാണ് കളിക്കുന്നതോടൊപ്പം ഈരടികൾ കൊണ്ടു് കാര്യമായി നിർവഹിക്കുന്നതു്.

ഭാരതത്തിലെവിടെയും കാണാറുള്ള ഒരു പ്രാചീന നൃത്തസംവിധാനമാണ് കൈകൊട്ടിക്കളി. വിവിധ ഭാഷക്കാരുടെ ഇടയിൽ, വിവിധ സമുദായങ്ങളിൽ വളൎന്നു വികസിച്ചിട്ടുള്ള പ്രസ്തുത നൃത്തത്തിന്, കേരളത്തിൻേറതന്നെ നിരവധി രീതികളും, ചിട്ടകളും കാണാൻ കഴിയും.

# കുമ്മി

കമ്പുകളി അഥവാ കോലാട്ടം പോലുള്ള സമൂഹ നൃത്തമാണ് കുമ്മി. ഒട്ടച്ചാൺ നീളമുള്ള കമ്പുകൾകൊണ്ട് യുവാക്കൾ 'താനന്ന' പാടി, തന്നാൾക്കും, ഈരാൾക്കും കമ്പു കളിക്കുമ്പോൾ, ഇരുകൈകൾകൊണ്ടും താളം പിടിച്ച് 'താനന്ന' പാടി കുമ്മിയടിക്കുന്നത് കേരളാംഗനകളുടെ വിനോദങ്ങളിൽ ഏററവും പ്രാധാന്യമർഹിക്കുന്നതാണ്. നിരവധി മട്ടിലുള്ള കുമ്മിപ്പാട്ടുകൾ ലിഖിതങ്ങളായിട്ടുണ്ടെങ്കിലും "കുമ്മിയടി" കേരളത്തിൽനിന്നും പാടെ നശിച്ചു.

താനന്നെ താനന്നെ തന്നായിനെ–തന്നി
താനന്നെ താനന്നെ തന്നായിനെ.

"കൊച്ചിക്കാരത്തികൊച്ചുപെണ്ണേ
നിനക്കെങ്ങിനെ കിട്ടിയിക്കുപ്പിവള"

"കൊച്ചീക്കോട്ടയ്ക്കു കുമ്മിയടിച്ചപ്പം
കൊച്ചിച്ചൻതന്നതി കുപ്പിവള."

"കൊച്ചീക്കാരത്തികൊച്ചുപെണ്ണേ
നിനക്കെങ്ങിനെ കിട്ടിയീപാദസ്വരം"

"കുമ്മിയടിക്കുവാൻ കൂട്ടത്തിപ്പോയപ്പം
സമ്മാനംകിട്ടിയീപ്പാദസ്വരം."

"കൊച്ചീക്കാരത്തികൊച്ചുപെണ്ണേ
നിനക്കെങ്ങിനെ കിട്ടിയീമുത്താക്കു"

"കൊച്ചീക്കായലിൽ കപ്പലിൽ വന്നവർ
കല്പിച്ചുതന്നതീ മുത്താക്ക്."

"കൊച്ചീക്കാരത്തികൊച്ചുപെണ്ണേ
നിനക്കെങ്ങിനെ കിട്ടിയീമൂക്കുത്തി"

"കൊച്ചീക്കോട്ടയ്ക്കു കുമ്മിയടിച്ചപ്പം
കൊച്ചച്ചൻതന്നതീ മൂക്കുത്തി."

"കൊച്ചീക്കാരത്തി കൊച്ചുപെണ്ണേ
നിനക്കെങ്ങിനെകിട്ടിയീ കണ്ണിളുക്കം"

"മാനത്തുപൊന്നിൻെറ വിത്തുവിതച്ചവൻ
മാനിച്ചുതന്നതീകണ്ണിളുക്കം."

"നിനക്കെവിടുന്നു" എന്നു് ചിലർ പ്രസിദ്ധംചെയ്തുകാണുകയുണ്ടായി. പാട്ടുപാടികളിക്കുമ്പോൾ ആ പ്രയോഗം യോജിച്ചതല്ല. "നിനക്കെങ്ങിനെകിട്ടി" എന്നാണു് സാധാരണ ഗ്രാമീണർ പാടാറുള്ളതു്. പശ്ചാബിലും, ബംഗാളിലും, തെന്നിന്ത്യയിലും ഇതുപോലുള്ള പ്രാചീനനൃത്തം നിലവിലുണ്ടു്.

മദ്ധ്യതിരുവിതാംകൂറിൽനിന്നും ശേഖരിച്ചതു്.

# മാണിക്കച്ചെമ്പഴുക്ക

ഒരു കുട്ടിയുടെ കണ്ണുകെട്ടി മദ്ധ്യത്തിൽ ഇരുത്തി നാലുവശത്തും മററു കുട്ടികൾ ഇരിക്കും. ഒരുത്തൻ പാട്ടുപാടും. മററുള്ളവർ ഏററുപാടും. താളത്തിനൊത്ത് കയ്യിലിരിക്കുന്ന ചെമ്പഴുക്ക പുറകുവശത്തുകൂടി മറുകയ്യിൽ പകരും. കണ്ണുകെട്ടി മദ്ധ്യത്തിൽ ഇരിക്കുന്ന കുട്ടി ചെമ്പഴുക്ക കൈവശമുള്ള കുട്ടിയെ തൊട്ടുകാണിക്കുമ്പോൾ, അയാൾ സ്വതന്ത്രനായി മററുള്ളവരോടൊപ്പം തോല്പിക്കപ്പെട്ട കുട്ടിയുടെ സ്ഥാനത്തുവരും. തോററ കുട്ടിയുടെ കണ്ണുകെട്ടി മദ്ധ്യത്തിൽ ഇരുത്തി തുടന്നു കളിക്കും. മാനസികവികാരത്തെ തട്ടിയുണർത്തുന്ന ബാലികാബാലന്മാരുടെ ഒരു നല്ല കളിയാണ് ഇതു്.

അകക്കയ്യിലിക്കയ്യിലോ
മാണിക്കച്ചെമ്പഴുക്ക
പൊട്ടനറിയാതേം
മാണിക്കച്ചെമ്പഴുക്ക.
അറുകയ്യിലിറുകയ്യിലോ
മാണിക്കച്ചെമ്പഴുക്ക
തൊട്ടതറിയാതേം
മാണിക്കച്ചെമ്പഴുക്ക.
കനുവലത്തുവച്ചേ
മാണിക്കച്ചെമ്പഴുക്ക

തൊട്ടതറിയാതേം
മാണിക്കച്ചെമ്പഴക്ക.
എൻെറ വലംകയ്യിലോ
മാണിക്കച്ചെമ്പഴക്ക
തൊട്ടതറിയാതേം
മാണിക്കച്ചെമ്പഴക്ക
എൻെറ ഇടംകയ്യിലോ
മാണിക്കച്ചെമ്പഴക്ക
ഓട്ടുന്നുണ്ടോട്ടുന്നുണ്ട്
മാണിക്കച്ചെമ്പഴക്ക.

അറകയ്യിൽ=ആരുടെ കയ്യിൽ. ലിറകയ്യിൽ=ഏതു കയ്യിൽ.

മദ്ധ്യതിരുവിതാംകൂറിൽനിന്നും ശേഖരിച്ചതു്.

## മാണിക്കച്ചെമ്പഴക്ക ii

മലബാറിൽ പ്രചുരപ്രചാരമുള്ള കളിയാണു് പഴങ്ങാക്കളി. പറയൻ, പണിയൻ, കള്ളാടി, കണക്കൻ, ചെറുമൻ തുടങ്ങിയവർ പാടുന്നതു് മധുരമായ മറെറാരു ഈണത്തിലാണു്. ആശയത്തിനു് പറയത്തക്ക മാററമില്ലെങ്കിലും ഈരടികൾ തമ്മിൽ വലിയ വ്യത്യാസമുണ്ടു്.

അപ്പൊയ്യക്കപൊയ്യക്കാപൊയ്യക്ക
മാണിക്കച്ചെമ്പൊയ്യക്കാപൊയ്യക്കാ
പൊയ്യക്കാ നടക്ക്ണരണ്ടു് തത്തിന്താ
മാണിക്കച്ചെമ്പൊയ്യക്കാ പൊയ്യക്ക

ലെടമ്പാഗം ലോടിപ്പോയേ തത്തിന്താ
മാണിക്കച്ചെമ്പൊയുക്കാ പൊയുക്ക
പുങ്കത്തിരിക്ക്ണോനേ തത്തിന്താ
കണ്ണുരണ്ടുള്ള കണ്ണാ തത്തിന്താ
നോക്കിപ്പിടിച്ചോണേ തത്തിന്താ
മാണിക്കച്ചെമ്പൊയുക്കാ പൊയുക്ക
അച്ചും വലംകയ്യിലേ തത്തിന്താ
മാണിക്കച്ചെമ്പൊയുക്കാ—പൊയുക്ക
ഒന്നാം കടവിലാണേ തത്തിന്താ
മാണിക്കച്ചെമ്പൊയുക്കാ—പൊയുക്ക.

പൊയുക്ക=പഴുക്ക; അടയ്ക്ക. ലെടമ്പാഗം=ഇടത്തുവശം. പുങ്കത്തിരിക്ക്ണോനേ=മദ്ധ്യത്തിൽ ഇരിക്കുന്നവനേ.

വള്ളുവനാട്ടിൽനിന്നും ശേഖരിച്ചതു്.

# തിരുവാതിര

കേരളീയരുടെ ജീവിതത്തിൽ അലിഞ്ഞുചേൎന്നിട്ടുള്ള ഒരുത്സവമാണു് തിരുവാതിര. തുടിച്ചുകുളിയും, പാതിരാപ്പൂവും, എട്ടങ്ങാടിയും, അഷ്ടമംഗല്യവും മററുമായി കൊണ്ടാടിവന്ന ഈ ഉത്സവം മൺമറഞ്ഞു എങ്കിലും ഉത്സവകാലത്തു് കേരളീയരുടെ ഹൃദയാന്തർഭാഗത്തുനിന്നും ഉതിൎന്നു വീണിട്ടുള്ള ഗാനവും, നൃത്തവും ഇന്നും മായാതെതന്നെ ശോഭിക്കുന്നു. ശരീരത്തിനു് കാന്തിയും, ചലനത്തിനു് ചാരുതയും—ചൈതന്യവും, ശബ്ദത്തിനു് ലയവും—മാധുര്യവും നൽകുന്ന തിരുവാതിരക്കളി ആരെത്തന്നെ ആനന്ദിപ്പിക്കുന്നില്ല.

ഒന്നാകും ചിത്തിരക്കമ്പേ
പൂത്തിറങ്ങിയ പൂമലരേ
പൂവിറുക്കെടി പൂക്കണ്ണികോരെടി
കോരിത്തടുക്കെടിമങ്കപ്പെണ്ണേ
മങ്കപ്പെണ്ണീപ്പെണ്ണും, മയിലപ്പെണ്ണീപ്പെണ്ണും
കൊച്ചുനീലിപ്പെണ്ണും പൂവിറുത്തേ
ഇന്നല്ലിയോപെണ്ണേ തിരുവാതിരക്കളി
നമുക്കൊന്നാടികളിച്ചുപോട്ടെ.

തിരിഞ്ഞുകളിപെണ്ണേ
തിരിഞ്ഞുകളിപെണ്ണേ
പമ്പരംപോലെ തിരിഞ്ഞുകളി.

മയിലഃ=നല്ല വെള്ളനിറത്തിനിടയ്ക്കു് കറപ്പു് കലന്ന നിറം. മൈലക്കാള=മൈലനിറത്തിലുള്ള കാള. കരിമയില, വെള്ളമയില എന്നും പറയും.

മദ്ധ്യതിരുവിതാംകൂറിൽനിന്നും ശേഖരിച്ചതു്.

---

കേരളീയജീവിതത്തിൽ അലിഞ്ഞുചേൎന്നിട്ടുള്ള പൊന്നിൻചിങ്ങത്തിലെ പൊന്നോണവും, അത്തപ്പൂവും മററമാണ് പാട്ടിലെ പ്രതിപാദനം.

വത്സരമൊന്നാകും ചിങ്ങമാസം
ഉത്സവമാം തിരുവോണത്തിന്
മാനുഷരെല്ലാരുമൊന്നുപോലെ
ഉല്ലാസത്തോടങ്ങനുഗ്രഹിച്ചു
ഉച്ചമലരിയും പിച്ചകപ്പൂവും
വാടാത്ത മല്ലിക റോസാപ്പൂവും
ഇങ്ങനൊള്ളെല്ലാരു പൂക്കളൊക്കെ
കൊച്ചോണിമങ്കയും കാവലാക്ഷി
കൊച്ചുകല്യാണി എന്നൊരുത്തി
ഇങ്ങനെ നാലാറുപെണ്ണുങ്ങാംകൂടി
അത്തപ്പൂതൊട്ടു കുരവയുണ്ടു
മാനുഷരെല്ലാരുമൊന്നുപോലെ
ഉല്ലാസത്തോടങ്ങനുഗ്രഹിച്ചു.

*　*　*　*

താമരപ്പൂവാഴനട്ടു
താമസിക്കുന്നോളേ

പഞ്ചവർണ്ണപെൺകൊടിയെ
റാഞ്ചി-റാഞ്ചി-റാഞ്ചോ

*      *      *      *

കാലത്തൊരിക്കലും
പകലുള്ളപ്പോൾ
ആപത്തെനിക്കില്ല
പഴംചോറോടെ
നേരം വെളുക്കട്ടെ
മുല്ല വിരിയട്ടെ
മണം വീശട്ടെ.

മദ്ധ്യകേരളത്തിൽനിന്നും ശേഖരിച്ചതു്.

# പാർവള്ളിക്കളി

ഭീകരമായ വനാന്തർഭാഗത്തു പാൎക്കുന്ന മലവൎഗ്ഗക്കാരുടെ ഇടയിൽ പ്രചാരമുള്ള ഒരു സമൂഹനൃത്തമാണ് പാർവള്ളിക്കളി. മദ്ധ്യകേരളത്തിൽ ഓണക്കാലത്ത് യുവതികൾ ഈ കളി കളിക്കാറുണ്ട്. കൈകൾ കോൎത്ത് വൃത്താകൃതിയിൽ നില്ക്കുന്ന യുവതികളും യുവാക്കളും താളത്തിനൊത്ത് പാട്ടുപാടി, ചുവടിന്മേൽ മുന്നോട്ടുചാടി, മെയ്‌വഴക്കത്തോടുകൂടി കളിക്കുന്നതിന് നല്ല പരിചയമുള്ളവൎക്കേ സാധിക്കയുള്ളൂ. ഈരടികളിൽനിന്നുതന്നെ കളിയുടെ ചിട്ട മനസ്സിലാക്കാവുന്നതാണ്.

ഇവിടൊരു കളി തുടങ്ങി
തിന്ത......തെയ്...തെയ്
എന്തൊരു കളിയാണേ    തിന്ത...തെയ്.. തെയ്
പാർവള്ളിക്കളിയാണേ    ”    ”    ”
വട്ടം വട്ടം നിക്കിനെടോ    ”    ”    ”
ഓടിമണ്ടിക്കളിക്കിനെടോ    ”    ”    ”
ഞൊണ്ടിഞൊണ്ടി കളിക്കിനെടോ    ”    ”
താളം തല്ലികളിക്കിനെടോ    ”    ”    ”
മുട്ടുതട്ടി കളിക്കിനെടോ    ”    ”    ”
കാലുരുട്ടി കളിക്കിനെടോ    ”    ”    ”
തുടതട്ടിക്കളിക്കിനെടോ    ”    ”    ”
വട്ടം വട്ടം നിക്കിനെടോ    ”    ”    ”

കണ്ണുരുട്ടിക്കളിക്കിന്നെടോ ” ” ”
മൂക്കുതൊട്ടു കളിക്കിന്നെടോ ” ” ”
തോളുതട്ടി കളിക്കിന്നെടോ ” ” ”
ഇടത്തോട്ടു കളിക്കിന്നെടോ ” ” ”
ഇടത്തോട്ടു കളിച്ചുകണ്ടേ ” ” ”
വലത്തോട്ടു കളിക്കിന്നെടോ ” ” ”
വലത്തോട്ടു കളിച്ചുകണ്ടേ ” ” ”
വട്ടം വട്ടം നിക്കിന്നെടോ ” ” ”
പുറന്നോട്ടു മലരിന്നെടോ ” ” ”
ഓടിമണ്ടിക്കളിക്കിന്നെടോ ” ” ”
ഇവിടൊന്നിരിക്കിന്നെടോ ” ” ”
അവിടുന്നുമെഴുന്നേറേ ” ” ”
വട്ടം വട്ടം നിക്കിന്നെടോ ” ” ”
ഇവിടൊരു കളിയാണേ ” ” ”
പാർവള്ളിക്കളിയാണേ ” ” ”
പാർവള്ളിക്കരുക്കു വീണേ ” ” ”
പാർവള്ളിക്കരുക്കഴിച്ചേ ” ” ”
ഇവിടൊരുകളിയാണേ ” ” ”
പാർവള്ളിക്കളിയാണേ ” ” ”
ഇവിടുത്തെ വലിയച്ചോ ” ” ”
പൊലിവുപൊലിക്കണമേ ” ” ”

കുറിപ്പ്:—“തിന്ത....തെയ്....തെയ്” എന്നതിനുപകരം “കർതിക....തെയ്....തെയ്” എന്നും പാടാറുണ്ട്. ബീഹാറിലെ ആദിവാസികളുടെ ഇടയിൽ ഇതുപോലുള്ള കളിയുണ്ട്.

# തീവണ്ടിക്കളി

ഇരുവശത്തും നില്ക്കുന്നവർ കൈകൾകോത്ത്, ഉയത്തിപ്പിടിച്ച്, ജോടിചേൻ്റ് ഒന്നിനുപുറകെ ഒന്നായി പാട്ടുംപാടി ഏററവും പുറകിൽ നില്ക്കുന്ന ജോടി, മററു ജോടികളുടെ മദ്ധ്യത്തിൽക്കൂടി താളത്തിനൊത്ത് ഓടി മുന്നണിയിൽ വരുന്നു. തുടൻ്റ് ഒന്നിനുപുറകേ ഒന്നായി തീവണ്ടിപോകുന്നതുപോലെ കളിക്കുന്നതു കാണാൻ വളരെ കൗതുകമുള്ളതാണ്.

ലല്ല–ലല്ല–ലല്ലല്ല
ലല്ല–ലല്ല–വച്ചുംകൊണ്ട്
ലല്ല–ലല്ല–ലല്ലല്ല
തീവണ്ടീലേപായുന്നേ.
അങ്ങിലും മുമ്പിലും
വണ്ടിയും മുമ്പിലേ
കൂട്ടിക്കൊളുത്തിവിട്ടിട്ട്
തീവണ്ടീലേപായുന്നേ

* എഞ്ചിൻ മുമ്പിലും
വണ്ടികൾ പിന്നിലും
കൂട്ടിയിണക്കിവിട്ടിട്ട്
അണിയണിയായ്

വണ്ടികളെല്ലാം
ഇളകിത്തുള്ളിപ്പായുന്നേ.
ലല്ല-ലല്ല-ലല്ലല്ല
ലല്ല-ലല്ല-വച്ചുംകൊണ്ട്
ലല്ല-ലല്ല-ലല്ലല്ല
തീവണ്ടീലേ പായുന്നേ

കുറിപ്പ്:—മദ്ധ്യതിരുവിതാംകൂറിൽനിന്നും ശേഖരിച്ചതു്. * അടയാളമിട്ടിരിക്കുന്ന ഭാഗം മലബാറിൽനിന്നും ശേഖരിച്ചതാണു്.

# തുമ്പിതുള്ളൽ

മലനാടിൻെറ മാധുര്യമുള്ള പൊന്നോണക്കാലത്തു് തുമ്പിക്കളവും, തുമ്പിതുള്ളലും, ആർപ്പും കുരവയും കേരളത്തിലങ്ങോളമിങ്ങോളം കാണാറുള്ള ഒരു സമൂഹഗാനനൃത്തമാണു്. ഓണപ്പുടവയും, ഓണക്കോടിയും ഉടുത്തൊരുങ്ങി തുമ്പിതുള്ളാനിരിക്കുന്ന പെൺകൊടിയുടെ നാലുവശത്തും യുവതികൾ കൂടിയിരുന്നു് പാട്ടുപാടുമ്പോൾ, യുവാക്കൾ ആർപ്പുവിളിക്കും. മങ്കമാർ കുരവയിടും. പാട്ടും, ആർപ്പും, കുരവയും മൂർദ്ധന്യതയിലെത്തുമ്പോൾ തുമ്പിക്കിരിക്കുന്ന പെൺകൊടി താനേ ഉറഞ്ഞു്, ലക്കും ലഗാനുമില്ലാതെ തുള്ളും.

ഒന്നാംതുമ്പിയെ ഓരമ്മ മക്കളെ
പോയിമണച്ചേറ തുമ്പിയൊറയൊറ
തുമ്പിക്കിരുമ്പുണ്ടേ പൊന്നുണ്ടേ പൊടിയുണ്ടേ
പിന്നെന്താ തുമ്പിയൊറയാത്തതുമ്പി
തുമ്പിയേലിത്തുമ്പിയെ ഇളർമണികിങ്ങിണി
പോയിമണച്ചേറ തുമ്പിയൊറയൊറ.

തുമ്പിയൊറ=തുമ്പി ഉറയുക. ഉറയുക=മാധുര്യമായ ഗാനത്തിൽ സവിശേഷം ലയിച്ചു് സാവധാനത്തിൽ താളത്തിനൊത്തു് ആടുന്നതിനാണു് ഉറയുക എന്നു പറയുന്നതു്. പൊന്നും പൊടിയും=ഒരു പ്രാചീനപ്രയോഗം; ആഭരണങ്ങൾ. ഇളർമണി=പളുങ്കുമാല. കഴുത്തിൽ ധരിക്കുന്ന കണ്ഠാഭരണം.

SAHITHYA VILASINI LIBRARY
QUILON
ANATHN...

ഒന്നാകും കൊച്ചുതുമ്പി
നീ കൂടെ പോരുക പോരുക
ഒന്നാം കൊച്ചില പൂത്തേ പൂത്തേ
പൂക്കുലപോലെ പൊഴിഞ്ഞു പൊഴിഞ്ഞു.
നാഴി നിറച്ചങ്ങുവാരി വാരി
നാരായക്കുമ്പിലും കൂട്ടികൂട്ടി
അന്നേരംവന്നൊരു വണ്ടേ വണ്ടേ
വണ്ടിനെപ്പോലൊരു തുമ്പി തുമ്പി
തുമ്പിയെഴുന്നള്ളി പോരോ പോരോ
തിരുക്കൊടിരാജനെ തീണ്ടാതെ

*　　*　　*　　*

ഇട്ടിരിക്കാൻ പൊൻകുരണ്ടി
കണ്ടിരിക്കാൻ കണിവിളക്ക്
കളിപ്പാൻ കളംതരാം
കുളിപ്പാൻ കുളംതരാം
വെച്ചുണ്ണാൻ ചിറവരുളി
ചെറുപാത്രം കോരികതരാം
എന്താ തുമ്പി തുള്ളാത്തേ
കൊച്ചുതുമ്പി തുള്ളാത്തേ
പൂവു പോരാഞ്ഞോ
പൂക്കുല പോരാഞ്ഞോ
പിന്നെന്താ തുമ്പി തുള്ളാത്തേ
ആളു പോരാഞ്ഞോ
അലങ്കാരം പോരാഞ്ഞോ
പിന്നെന്താതുമ്പി തുള്ളാത്തേ.

മദ്ധ്യകേരളത്തിൽനിന്നും ശേഖരിച്ചത്.

# വള്ളപ്പാട്ട്

കായലുപോലെ നീണ്ടുകിടക്കുന്ന പുഞ്ചപ്പാടങ്ങളിലും, വളഞ്ഞു പുളഞ്ഞൊഴുകുന്ന നദികളിലും, മറുകര കാണാനാവാത്ത കായലിലും, വഞ്ചി തുഴയുന്ന യുവതികളും യുവാക്കളും......"ഏലം" വിളിച്ച് താളത്തിനൊത്ത് തുഴയുമ്പോഠം പാടാറുള്ള മധുരഗാനങ്ങഠം; വഞ്ചി മുന്നോട്ടു നീങ്ങാൻ, ഓളത്തിൽ പൊങ്ങിയും താണും നീങ്ങി നീങ്ങി കരപിടിക്കുവാൻ അവൻെറ മനസ്സ് കുതിക്കുകയാണ്. കേരളീയരുടെ വിനോദങ്ങളിൽ ഏററവും പ്രധാന്യമർഹിക്കുന്നതാണ് "വള്ളം കളി."

കറുത്തപെണ്ണേ — ഹൈലോ
കരിംകുഴലി — ഹൈലോ
നിനക്കൊരുത്തൻ — ഹൈലോ
കിഴക്കുദിച്ചേ — ഹൈലോ
മലകഠംവെട്ടി — ഹൈലോ
തിനവിതച്ചേ — ഹൈലോ
തിനതിന്നാൻ — ഹൈലോ
കിളിയിറങ്ങി — ഹൈലോ
കിളിയടിപ്പാൻ — ഹൈലോ
പെണ്ണിറങ്ങി — ഹൈലോ
പെണ്ണിൻെറ കയ്യിൽ— ഹൈലോ
കനകവള — ഹൈലോ

കിലുക്കംകേട്ടേ — ഹൈലോ
കിളികളോടി — ഹൈലോ
മലകടന്നേ — ഹൈലോ

കുറിപ്പ്:— രണ്ടു വരികാം പാടിയതിനുശേഷം, രണ്ടാമത്തെ വരിയും മൂന്നാമത്തെ വരിയും, തുടന്ന് മൂന്നും നാലും ........അങ്ങനെ തുടർച്ചയായി പാടിയാലെ താളത്തിനൊത്തു് നയിമ്പ് (തുഴ) കൊണ്ടു് തുഴയാൻ സാധിക്കുകയുള്ളു. "ഹൈലോ" എന്ന പദം ഉച്ചരിക്കുമ്പോാം "അ" എന്ന അക്ഷരത്തിനും "ഹ" എന്ന അക്ഷരത്തിനും മദ്ധ്യേ വരുന്ന ശബ്ദമേ ഉപയോഗിക്കാവൂ.

ഈ പാട്ടുതന്നെ ഞാറ നടുമ്പോഴും, വിതച്ചു കിളക്കുമ്പോഴും പാടാറുണ്ട്. ആ സന്ദർഭങ്ങളിൽ "ഹൈലോ" എന്നവാക്കു് ഉപയോഗിക്കാറില്ല. രീതിക്കും വളരെ വ്യത്യാസമുണ്ടു്. താളത്തിനും ഈണത്തിനും വ്യതിയാനം വരുമ്പോാം ചില അക്ഷരങ്ങാംക്കും സാരമായ മാററം സംഭവിക്കും.

കുട്ടനാട്ടിൽനിന്നു ശേഖരിച്ചതു്.

അന്തിയാകുന്നതുവരെ പാടത്തു പണിചെയ്തിട്ട് കഷകർ കരകാണാനാവാത്ത കായലിൽക്കൂടി വഞ്ചിതുഴഞ്ഞു് കൂട്ടംകൂട്ടമായി തങ്ങളുടെ ഭവനങ്ങളിലേക്കു പോകുന്ന ചില സന്ദർഭങ്ങളിൽ പെട്ടെന്ന് കാററും മഴയും ഉണ്ടാകാറുള്ളതു് സർവ്വസാധാരണമാണ്. കരപിടിക്കുവാൻ വെമ്പുകൊള്ളുന്ന അവർ ശോകാത്മകമായ ഗാനങ്ങാം പാടിയാണ് വഞ്ചി തുഴയുന്നതു്.

(ഒരു മാപ്പിളപ്പാട്ടുരീതി)

ഏലേലോ—ഏലേലോ—ഏലേലോ—ഏലമയ്യ
ഏലേലോ—ഏലേലോ—ഏലേലോ—ഏലമയ്യ

തെക്കു വടക്കു കിഴക്കു പടിഞ്ഞാറു
കാറും കറുപ്പുമിരുളായ് മഴചൂടി
കടലും മലയും കലങ്ങേനെ പെയ്തുമഴ
ആ മഴക്കാറ്റിലുണ്ടായൊരു പൊന്മരം
പൊൻമരം പൂത്തൊരു പൂവിന്നഴകേറും
എല്ലാവരും പോകുന്നമ്മ
പൊൻമരപ്പൂവു കാണാൻ
എനിക്കും കൊതിയുമ്മ
പൊൻമരപ്പൂവുകാണാൻ
ബാപ്പാ വരട്ടെ മകളെ
ബീവി മകളെ പാത്തുമ്മ
ബാപ്പാവരട്ടെന്നവളുമ്മ പറഞ്ഞല്ലോ
ബാപ്പാ വന്നില്ലെങ്കിലെന്തൊരടയാളം
ബാപ്പാ ബന്നിലെങ്കിലാളുവരും മകളെ
ആളു വന്നില്ലെങ്കിലെന്തൊരടയാളം
ആള്ബന്നില്ലെങ്കി കുതിരവരും മകളെ
കുതിര വന്നിലെങ്കിലെന്തൊരടയാളം
കുതിര ബന്നില്ലെങ്കിലോലവരും മകളെ
ഓലവന്നില്ലെങ്കിലെന്തൊരടയാളം
ഓലബന്നില്ലെങ്കിവാളു വരും മകളെ
വാളുവന്നില്ലെങ്കിലെന്തൊരടയാളം?

കുറിപ്പ്:— ചരിത്രപരമായ ചില യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു പാട്ടിന്റെ കുറച്ചു ഭാഗമാണ് ഇതു്. യുദ്ധത്തിനു പോയ അഛന്റെ വരവിനെപ്പററി ഉന്നയിക്കുന്ന കുസൃതിചോദ്യങ്ങൾക്കു് മാതാവു് നൽകുന്ന മറുപടികളാണ് ഈരടികളുടെ ഉള്ളടക്കം. മറുപടി മുട്ടിയ മാതാവ് പൊട്ടിക്കരയുക മാത്രമാണ് ഒടുവിൽ സംഭവിച്ചതു്.

മദ്ധ്യതിരുവിതാംകൂറിൽ നിന്നും ശേഖരിച്ചതു്.

# പെൺതരുമോ തോഴിമാരെ

"വടംവലി" പുരുഷന്മാർക്ക് മാത്രമുള്ള ഒരു കളിയല്ലെന്ന് അതിപ്രാചീനകാലംമുതല്ലേ നമ്മുടെ തരുണീമണികൾ തെളിയിച്ചിട്ടുള്ളതാണ് "പെൺതരുമോ തോഴിമാരെ" എന്ന സമൂഹനൃത്തം. കൈകൾകോർത്ത് താളത്തിനൊത്ത് പാട്ടുപാടി, ചുവടുവെച്ച് ഇരുഭാഗക്കാരും മുന്നേറുകയും അവസാനമായി മദ്ധ്യത്തിൽ ഇട്ടിരിക്കുന്ന വടം (സാധാരണയായ് കവുങ്ങിൻ തണ്ടുകൾ) ഇരുക്കൂട്ടരും വാശിയോട്കൂടി പിടിക്കുന്നു. ശാരീരികമായും, മാനസികമായും, സാംസ്കാരികമായും ഉണർവ്വും ഉന്മേഷവും നൽകുന്ന ഒരു കളിയാണ് ഇത്.

അശകൊശലേ പെണ്ണുണ്ടോ
ചെറു ഓശാരം പെണ്ണുണ്ടോ
സാമി രണ്ടുക്കും പെണ്ണുണ്ടോ
തിരുക്കാവേലി മാപ്പിളയ്ക്ക

അശകൊശലേ പെണ്ണില്ല
ചെറു ഓശാരം പെണ്ണില്ല
സാമി രണ്ടുക്കും പെണ്ണില്ല
തിരുക്കാ വേലി മാപ്പിളയ്ക്ക്.

ഒരാനകെട്ടപ്പുതു പൊന്നുതരാം
പൊന്നിട്ട പെട്ടകം പൂട്ടീം തരാം
പൂട്ടാത്താക്കോലൊളിച്ചുതരാം
ഇന്നാള് ചോദിച്ച പെൺതരുമോ.

ഒരാനക്കെട്ടപ്പത്തു പൊന്നും വേണ്ട
പൊന്നിട്ട പെട്ടകം പൂട്ടീം വേണ്ട
പൂട്ടാത്താക്കോലൊളിച്ചും വേണ്ട
ഞങ്ങടിവിടെ പെണ്ണുമില്ല.

ഒരു കാതോളം വഴി നടന്നു
വെയിലുകൊണ്ടു ഞാം വരുമ്പം
ഒരടയ്ക്കാമോടം വെട്ടി തണ്ണി
തായോ നാത്തൂനാരേ.

തണ്ണിയിതാമണിക്കിണററിൽ
പാളയിതാ ഒടിച്ചുകുത്തി
കയറതാണേട്ട മേപ്പടിക്കെ
കോരിക്കുടിയെടി നാത്തൂനാരേ!

ഓശാരം=സംഭാവന. പ്രതിഫലേഛ കൂടാതെ സംഭാവന ചെയ്യുന്നതിനു് ഓശാരം എന്നു പറയാം. സാധാരണ കല്യാണങ്ങൾക്കും മററും സംഭാവന ചെയ്യുന്നതിനു് 'ഓശാര'മെന്നാണു് പറയുന്നതു്. നാട്ടുനടപ്പനുസരിച്ചു് ഓശാരം കൊടുക്കുന്നതു് തിരിച്ചു കിട്ടുന്നതിനുവേണ്ടിയാണു്. അടയ്ക്കാമോടം-ഇളനീരു കുടിക്കുന്നതിനായി കരിക്കിൻെറ ചുവടുവെട്ടുന്നതിനു് 'മോടം വെട്ടുക" എന്നാണു് പറയുന്നതു്.

കൊച്ചിയിലും, മലബാറിലും, ഹൈന്ദവർ ഈ പാട്ടു പ്രാദേശികമായ ചില മാററങ്ങൾ വരുത്തിയാണു് പാടുന്നതു്.

താലി പീലി പെണ്ണുണ്ടോ
ചെറുതാമരയാളേ പെണ്ണുണ്ടോ

താലിപീലി പെണ്ണില്ല
ചെറുതാമരയാട്ടേ പെണ്ണില്ല.
ഒരു കുട്ടക്ക പൊന്നുംതരാം
ഒന്നേകോരി മിന്നും തരാം
പൊന്നിട്ട പെട്ടകം പൂട്ടീംതരാം
പൂട്ടാത്താക്കോലൊളിച്ചു തരാം
പെണ്ണിനെത്തരുമോ വാണികളെ
ഒരു കുട്ടക്ക പൊന്നും വേണ്ട
ഒന്നേകോരിമിന്നും വേണ്ട
പൊന്നിട്ടപെട്ടകം പൂട്ടിംവേണ്ട
പൂട്ടാത്താക്കോലൊളിച്ചും വേണ്ട
പെണ്ണിനെ തരില്ല വാണികളെ
ആനേം തരാം തോട്ടീം തരാം
ആനയ്ക്കൊട്ടുപ്പോളം പൊന്നും തരാം
പെണ്ണിനെത്തരുമോ വാണികളേ
ആനേം വേണ്ട തോട്ടീം വേണ്ട
ആനകെട്ടുപ്പതു പൊന്നും വേണ്ട
പെണ്ണിനെത്തരില്ല വാണികളെ

കുറിപ്പ്:— ചില സ്ഥലങ്ങളിൽ "താലി പീലി" എന്നതിനു പകരം "താലീം പീലീം" എന്നും, "അശ്കൊശലേ—" "കുശുകുശലെ" എന്നും പാടാറുണ്ട്. "ഒരു കുട്ടക്ക" എന്നുള്ള പ്രയോഗങ്ങൾ പാടുമ്പോൾ കളിയുടെ സമയം ദീർഘിപ്പിക്കുന്നതിനായി ഒന്നു മുതൽ പത്തുവരെ പാടാറുണ്ട്. ഉദാഹരണമായി "രണ്ടു കുട്ടക്ക" "മൂന്നു കുട്ടക്ക" എന്നു തുടന്നു പോകും. കളിക്കാരുടെ മനോഗതമനുസരിച്ച് ഇഷ്ടമുള്ള ഈരടി

കരം സന്ദർഭോചിതമായി പാടുന്നതു് സാധാരണയാണു്. "വാണികളെ" എന്നതിനുപകരം "തോഴിമാരെ" എന്നു് ചില സ്ഥലങ്ങളിൽ ഉപയോഗിക്കാറുണ്ടു്.

അവസാനമായി അമ്മാവിയമ്മയെപ്പററി ചിലതെല്ലാം പറയാതെ കളി അവസാനിപ്പിക്കുകയില്ല.

വെട്ടുചിരട്ടെയുപ്പിരിക്കെ
ഉപ്പില്ലെന്നവളമ്മായി
കാഞ്ഞരമുട്ടിയെരിഞ്ഞു കിടക്കെ
തീയില്ലെന്നവളമ്മായി
മുണ്ടിപ്പശു പെററുകിടക്കേ
തൈരില്ലെന്നവളമ്മായി
മുണ്ടകനെല്ലുവിളഞ്ഞു കിടക്കേ
ചോറില്ലെന്നവളമ്മായി
നേരം നോക്കി നിലനോക്കി
കോടികാരവരും നിലനോക്കി.

---

മലബാറിലെ മുഹമ്മദീയരുടെ ഇടയിൽ പ്രചുരപ്രചാരമുള്ള ഒരു പാട്ടാണു് ഇതു്. കല്യാണപ്പാട്ടായിട്ടാണു് ഇക്കാലങ്ങളിൽ പാടാറുള്ളതു്. ആശയത്തിനും ഈരടികൾക്കും സാരമായ വ്യത്യാസമുണ്ടു്.

മിന്നൊളി വിൽത്തൊളി പെണ്ണുണ്ടോ
മികവാസ പുഷ്പപ്പെണ്ണുണ്ടേ
മിങ്കമലംകൃത പെണ്ണുണ്ടേ
മിന്നസപ്രശോഭിതമാരന്നിക്ക്

സന്നമതായൊരു പെണ്ണുണ്ടോ
സഞ്ചിതതഞ്ചവുമുഞ്ചുണ്ടോ
സമ്പ്രീതമേനിപ്പെണ്ണുണ്ടോ
സംഭോഗമേവിടമാരനിക്ക്
കാരിയമിത്തരമിരിക്കട്ടെ
കന്യമായ പൊന്നുകൾ കേൾക്കട്ടെ
കെഞ്ചുക കാമിനിലീന്തട്ടെ
കതപോലെ ശൊല്ലിയിൻ സ്നേകിതരെ.
പാരിക്ക പാട പതക്കം തരുമോ
പരിബിംബയെസപ്പൂവുരുതമോ
ചാരുമകാമണി കോമ്പ തരുമോ
പരിപൂർണ്ണപൂവിടമാരനിക്ക്
സാരമില്ല—ഇതു എന്നല്ല
സഭയൊത്ത പൊന്നുകളായില്ല
സാരസരോചിതം വന്നില്ല
സംഭ്യേക ബീവിടെ മാരനിക്ക്
നാരിക്കിട്ടയാനായ്ക്കൊണ്ടു
നാണിയപ്പൊന്നുകളെന്തുണ്ടു
നാട്ടിലിതേററം നടപ്പുണ്ടു
നബൽക്കേളിസണ്ണം ശൊല്ലിട്ടുവിൻ
പാരിക്ക പൊൻകടക കാങ്കാറ
മികതാലി നാലെട്ടുക്ക മുയ്യാറ
മേതറക്കാതിലയും പോരാ
മേൽമസൊരുപിട മാരനിക്ക്

QUILON

ബീരിത പൊൻവളയും തരണം
ബീവിക്ക മാലകളും തരേണം
ബീരടി പൂരണവും തരേണം
ബീജപ്പ്പോരിയൊട മാരനിക്ക്

പാരിക്ക ചൊല്ലിയതെല്ലാം തരുമോ
പോരാത്തതൊക്കെയും കൂട്ടിത്തരുമോ
പതിനായിരം പണം കെട്ടിത്തരുമോ
പാക്കിയസൊരുപീടെ മാരനിക്ക്.

*        *        *        *

കുരുകുരുമച്ചാം പെണ്ണുണ്ടോ
കുഞ്ഞാലിമച്ചാം പെണ്ണുണ്ടോ
മിങ്കമലംകൃതപെണ്ണുണ്ടോ
മിന്നസതപ്രശോഭിതമാരനിക്ക്.

എന്നും ചില സ്ഥലങ്ങളിൽ പാടാറുണ്ടു്.

"പെൺതരുമോ തോഴിമാരെ" എന്ന കളിയുടെ പാട്ടുകൾ സൂക്ഷ്മമായി ഗവേഷണം ചെയ്താൽ ഒരുകാലത്തു് കേരളത്തിൽ "സ്ത്രീധന"മെന്ന ദുഷിച്ച സമ്പ്രദായം നിലവിലുണ്ടായിരുന്നില്ല എന്നു് മനസ്സിലാകും. മലവർഗ്ഗക്കാരും ഹരിജനങ്ങളും ആ നല്ല വ്യവസ്ഥിതിയിൽ ഇന്നും തുടർന്നുപോകുന്നുണ്ടു്. പെററുവളർത്തിയ അച്ഛനും അമ്മയ്ക്കും ബന്ധുജനങ്ങൾക്കും വരൻ, ദക്ഷിണ നൽകാതെ വധുവിനെ ലഭിക്കയില്ല. 'കാണം' എന്നാണ് ഇതിനു പറയുന്നതു്. മഹമ്മദീയരും, ക്രിസ്ത്യാനികളും ഇറക്കുമതി ചെയ്ത ആചാരമാണ് സ്ത്രീധനം. മററുള്ളവർ അതിനെ അനുകരിച്ചു. സ്ത്രീലോകത്തെ മുഴുവനും തുറിച്ചുനോക്കുന്ന സ്ത്രീധനപ്രശ്നം തുടച്ചുമാററുവാൻ കേരളീയർ ഉററു ശ്രമിക്കുകയാണല്ലോ.

# തലയാട്ടം

യുവതികളുടെ സമൂഹനൃത്തമാണ് തലയാട്ടം. കൈകൾ കോർത്ത് വലപിടിച്ചുനില്ക്കുന്ന യുവതികൾ താളത്തിനൊത്ത് ചുവടുവച്ച് ഇരുവശങ്ങളിലേക്കും ചാഞ്ഞും ചരിഞ്ഞും കളിക്കുമ്പോൾ മെയ്‌വഴക്കമുള്ള രണ്ടു യുവതികൾ വലക്കുള്ളിൽ പ്രവേശിച്ച് തലമുടി അഴിച്ച് ഇരുവശത്തേക്കും കൈകൊണ്ടു മെല്ലെ ഇളക്കി തലയാട്ടം കളിക്കും. ആട്ടമാടി, പാട്ടുപാടിക്കളിച്ചുകൊണ്ടുനില്ക്കുമ്പോൾ തല കറങ്ങി വീഴാതിരിക്കുന്നതിനുവേണ്ടി, വല പിടിച്ചുകൊണ്ടു നില്ക്കുന്നവരുടെ കൈകളിൽ അല്പം ആയാസം നേടത്തക്ക വിധത്തിൽ താഴോട്ടമർത്തി പിന്നെയും നടന്ന്...പാടിക്കളിക്കുന്നു.

തലയാട്ടം കളിച്ചെൻെറ ചെന്നല കുത്തുന്നു
തണ്ടാർകുഴലാളെ തൊട്ടെണ്ണ തായോ
എള്ളുവിതച്ചിട്ട് ഓരെലവന്നില്ല
നാളെവാ പെണ്ണേ തൊട്ടെണ്ണതരാം

അച്ഛൻ വിളിക്കുന്നു കച്ചമുറിക്കുന്നു
പോകാൻ വഴിതരീൻ തോഴിമാരെ
അച്ഛൻ വിളിച്ചാലും കച്ച മുറിച്ചാലും
ഞങ്ങളിന്നീവല മുറിക്കയില്ല.

അമ്മ വിളിക്കുന്നു അമ്മിഞ്ഞിനീട്ടുന്നു
പോകാൻ വഴിതരീൻ തോഴിമാരെ.
അമ്മ വിളിച്ചാലും അമ്മിഞ്ഞി നീട്ട്യാലും
ഞങ്ങളിന്നീവല മുറിക്കയില്ല.

കൊച്ചാങ്ങള വിളിക്കുന്നു കൊച്ചീർക്കൽ മെനയുന്നു
പോകാൻ വഴിതരീൻ തോഴിമാരെ
കൊച്ചാങ്ങള വിളിച്ചാലും കൊച്ചീക്കല്ലുമെനഞ്ഞാലും
ഞങ്ങളിന്നീവല മുറിക്കയില്ല.

അമ്മാവി വിളിക്കുന്നു അരകല്ലേ വിളമ്പുന്നു
പോകാൻ വഴിതരീൻ തോഴിമാരെ
അമ്മാവി വിളിച്ചാലും അരകല്ലേവിളമ്പ്യാലും
ഞങ്ങളിന്നീവല മുറിക്കയില്ല.

നാത്തൂൻ വിളിക്കുന്നു രേഷണിക്കൂട്ടുന്നു
പോകാൻ വഴിതരീൻ തോഴിമാരെ
നാത്തൂൻ വിളിച്ചാലും രേഷണി കൂട്ട്യാലും
ഞങ്ങളിന്നീവല മുറിക്കയില്ല.

കുറിപ്പു്:—"എള്ളു വിതച്ചിട്ടു് ഓരെല വന്നില്ല" എന്ന ഈരടി ഈരെല, മൂവെല, നാലെല എന്നു് പത്തുവരെ പാടി, കളിയുടെ സമയം ദീർഘിപ്പിക്കുന്നതു സാധാരണയാണു്. മാതാപിതാക്കളും ബന്ധുജനങ്ങളും കൂടുന്ന സ്ഥലത്താണല്ലോ ഓണക്കളികൾ നടത്താറുള്ളതു്. നാത്തൂന്മാരുടെ ഏഷണിയും, അമ്മാവിയമ്മപ്പോരും, സഹോദരന്മാരുടെ കൊച്ചീക്കല്ലു് മെനയലും എല്ലാം സന്ദഭോചിതം കളിയിൽക്കൂടി, രംഗത്തു കൊണ്ടുവന്നു് സദസ്യരെ ചിരിപ്പിക്കുന്നതിനും ചിന്തിപ്പിക്കുന്നതിനും, നമ്മുടെ പഴവന്മാർ സംവിധാനം ചെയ്തിട്ടുള്ള എല്ലാ കലാകളിലും വളരെ തന്മയത്വത്തോടുകൂടി ആവിഷ്കരിച്ചിട്ടുള്ളതിനു് ഇപ്രകാരമുള്ള ഉദാഹരണങ്ങൾ ഉടനീളം കാണാവുന്നതാണു്.

മദ്ധ്യതിരുവിതാംകൂറിൽനിന്നും ശേഖരിച്ചതു്.

# പശുവും പുലിയും

സാധാരണ "തലയാട്ട"ത്തിനോടനുബന്ധിച്ചാണ് ഈ കളി കളിക്കുന്നതു്. വലക്കുള്ളിൽ തലയാട്ടം കളിച്ചുകൊണ്ടിരുന്ന ഒരുവൾ പശുവായും, മററവൾ പുലിയായും അഭിനയിക്കും. ഭയവിഹ്വലയായ പശുവിനെ രക്ഷിക്കാൻ വലകെട്ടിനില്ക്കുന്നവർ കടമപ്പെട്ടവരാണ്. പശുവിന് ആവശ്യമെന്നു തോന്നുമ്പോൾ വലയ്ക്കുള്ളിൽ പ്രവേശിക്കുന്നതിനും, വെളിയിൽ പോകുന്നതിനും സ്വാതന്ത്ര്യമുണ്ടു്. ബലംപ്രയോഗിച്ച് വലമുറിച്ചാൽ മാത്രമേ പുലിയ്ക്കു് വലയ്ക്കുള്ളിൽ പ്രവേശിക്കുന്നതിനും പുറത്തുപോകുന്നതിനും സാധിക്കയുള്ളൂ. പശുവിനും പുലിക്കും അവരുടേതായ ഈരടികളുണ്ടു്. വലകെട്ടിനില്ക്കുന്നവർ പുറകുപാടും. വാശിയേറിയ ഒരു കളിയാണ് ഇതു്.

പുലി:— പശുവെ പശുവെ പുല്ലിന്നാ

പശു:— പുലിയെ പുലിയെ കല്ലിന്നാ

പുലി:— ഈ പശുവിനെ തിന്നണമിപ്പം
ഈ വെള്ളം കുടിക്കേണം

പശു:— ഈ പശുവിനെ തിന്നുകയില്ല
ഈ വെള്ളം കുടിക്കുകയില്ല.
പശു ഒന്നു പെററൊന്നരപാല്പ്പം കറന്നേ

പുലി:— ഈ പശുവിനെ തിന്നണമിപ്പം
ഈ വെള്ളം കുടിക്കേണം

പശു:— കാപ്പൻ ഞാം കാപ്പൻ ഞാം
കാവാലിളം പശുവെ

പുലി:— ഈററം ഞാം ഈററം ഞാം
ഈററച്ചെറുപ്പുലിയെ

കുറിപ്പ്:—"പശു ഒന്നു പെററു" എന്ന ഈരടി സമയം ദീർഘിപ്പിക്കുന്നതിനായി പത്തുവരെ പാടും. മദ്ധ്യതിരുവിതാംകൂറിൽനിന്നും ശേഖരിച്ചതു്.

---

# കുടംകളി

യുവതികളുടെ മറെറാരു സംഘനൃത്തമാണ് കുടംകളി. കൈകൾ കോർത്ത് വലകെട്ടിനില്ക്കുന്ന യുവതികൾ പാട്ടു പാടും. ചെപ്പുകുടവുമായി നാലു യുവതികൾ വലയ്ക്കുള്ളിൽ പ്രവേശിച്ച്, മൂന്നാംചുവടിൽ തലയാട്ടം കളിച്ച് ഇരു കൈകൾകൊണ്ടും കുടം ഉയർത്തിപ്പിടിച്ച് താളത്തിനൊത്ത് കുടം ഊതി മുകളിലേക്കെറിയും. ആടിക്കഴിഞ്ഞു് ഇരുകൈ കൾകൊണ്ടും സാവധാനത്തിൽ പിടിച്ച്... ഊതി വീണ്ടും മുകളിലേക്കെറിയും. ആട്ടമാടി, പാട്ടുപാടി, കുടംഊതി കളി ക്കുന്ന തരുണീമണികൾ മോഹാലസ്യപ്പെട്ടുവീഴുന്നതാണ് കളിയുടെ ക്ലൈമാക്സ്.

ഒന്നാം മണിക്കിണററിൽ
വളകളഞ്ഞു മാതവിയോ
വളയും കളഞ്ഞുപെണ്ണ-
ങ്ങവിടെനിന്നു പേശുന്നു.

പേശാതെനില്ലെടിപെണ്ണേ
കനകവള ഞാം തരുവേൻ
കനകവള കൈമേലിട്ടു
കളിച്ചു ഞാനൊന്നുകാണട്ടെ.

*  *  *

കുടമൂതെടി കുടമൂതെടി കുശത്തിപ്പെണ്ണേ--നിൻെറ
കുടത്തിൻെറ വില ചൊല്ലെടി കുശത്തിപ്പെണ്ണേ

*  *  *

ഒന്നാം മണ്ണലിലരയാലും കൊമ്പത്തി
ലാനന്ദം തുള്ളിക്കളിക്കും തത്തേ
ചുററും കുളമുണ്ടു ചെന്താമരയുണ്ടു
കൊത്തുന്ന പാമ്പുണ്ടു പാർവതിക്കു്
ചാന്തോടു ചിന്ദൂരം ചന്ദനം കൂട്ട്യാലം
താൻതന്നെ വന്നു കുറിതൊടണം

*          *          *

ഒന്നു പെററ നാത്തുനാരേ
മീം കളി കാണാൻപോരിണോ
മീം കളിച്ചു കുഴഞ്ഞുവരുമ്പം
മീനിൻെറ വാലേ പൂവാലു്.

*          *          *

ഒന്നാം കൂമ്പും
മൂളം കൂമ്പും
മൂളം തണ്ടുവെട്ടി
മൂളം താളരിഞ്ഞേ

ഓരടിക്കീരടി
കന്നിമാരേ
നിങ്ങളാടിപ്പാടി
കളമൊരുക്കിൻ

എൻെറ കളമല്ല
നിൻെറ കളമല്ല
ശ്രീ ഭദ്രകാളീടെ
പൂ–ക്ക–ള–മേ

താനന്നെ, താനന്നെ, തന്നായിനൈ-തന്നി
താനന്നെ, താനന്നെ, തന്നായിനൈ.
പാലത്തെക്കേറി പടിഞ്ഞാട്ടുനോക്കുമ്പോ
പനയന്നാർ കാവിലെൻറമ്മേക്കാണാം.

കുറിപ്പ്:—ആറു പാട്ടുകളും ആറു രീതിയിലാണ് പാടുന്നതു്.
മദ്ധ്യതിരുവിതാംകൂറിൽനിന്നും ശേഖരിച്ചതു്.

# ആട്ടകളി

യുവതികളും യുവാക്കളും ചേൎന്നുള്ള സമൂഹനൃത്തമാണ് "ആട്ടകളി". ആട്ടമേയിക്കുന്ന ഇടയൻ പാട്ടുപാടും, മററുള്ളവർ പുറകു പാടും. "ഹൈ...ബാഹൈ...ങ്ങോട്ടിയാടെ" വിളിച്ച്...ഇടയൻ ആട്ടിൻ പററത്തെ നയിക്കും. കള്ളൻ വരുമ്പോൾ "മ്മേയ്...ഇമ്മെ......ഹെ" ആട്ടിൻകുട്ടികളെപ്പോലെ കരഞ്ഞു് പററത്തോടു ചേൎന്നു നില്ക്കുന്ന സ്വാഭാവികത വളരെ തന്മയത്വത്തോടുകൂടിയാണ് അഭിനയിക്കുന്നതു്. ഓണനിലാവിൽ ഈ കളി ഒരു പ്രത്യേകതയാണ്.

തെയ്ത്തിന്തോ—തെയ്ത്തിന്തോ
തെയ്ത്തിന്തോ—തകതാരികാ

ഒന്നാനാം മലകേറി നമ്മുടാടെല്ലാം പോയല്ലോ
ഒന്നാനാം മലയിലെത്തിരുളുമേ പറിച്ചല്ലോ
ഒന്നല്ലോ പൊയ്കയിലെ വെള്ളവും കുടിച്ചല്ലോ
ആട്ടുകാരോ കൂട്ടുകാരോ നമ്മുടാടെല്ലാം പോയല്ലോ.

തെയ്ത്തിന്തോ—തെയ്ത്തിന്തോ
തെയ്ത്തിന്തോ—തകതാരികാ

നിന്നുടെയാടിനുമെയെന്തെല്ലാമടയാളം
നെററിക്കു ചുട്ടിയുണ്ടു വാലേല് പൂവാല്

തെയ്ത്തിന്തോ— തെയ്ത്തിന്തോ
തെയ്ത്തിന്തോ—തകതാരികാ

കണ്ടില്ലേ—കണ്ടില്ലേ—ലെൻറ കൂട്ടത്തിമുട്ടനെ കണ്ടില്ലേ

എന്നിട്ടും—കണ്ടില്ലേ—ലെൻറ അമ്പോററിമണിമാരനെ

തെയ്ത്തിന്തോ—തെയ്ത്തിന്തോ

തെയ്ത്തിന്തോ—തകതാരികാ

പോയല്ലോ—പോയല്ലോ—നമ്മുടാടെല്ലാം പോയല്ലോ

പോയല്ലോ—പോയല്ലോ—നമ്മുടാടെല്ലാം പോയല്ലോ

തെയ്ത്തിന്തോ—തെയ്ത്തിന്തോ

തെയ്ത്തിന്തോ—തകതാരികാ

കുറിപ്പു്:—കാശ്മീരിലെ ഗ്രാമീണരുടെ ഇടയിൽ ഇതുപോലുള്ള ഒരു കളിയുണ്ടു്. അവരുടെ രീതിക്കും നമ്മുടെതായ ഊണത്തിനും വളരെ സാമ്യമുണ്ടു്. മദ്ധ്യതിരുവിതാംകൂറിൽനിന്നും ശേഖരിച്ചതു്.

# മുടിയാട്ടം

യുവതികളുടെ പ്രാചീനകാലനൃത്തസംവിധാനമാണ് മുടിയാട്ടം. കരു, മരം, പറ, കൊക്കരോ, തുടങ്ങിയ വാദ്യമേളങ്ങൾ ഇണക്കുമ്പോൾ ചങ്കിച്ചും നാണിച്ചും രംഗത്തു വരുന്ന തരുണീമണികൾ ചങ്ങഴിപ്പുറത്തും, നാഴിപ്പുറത്തുംനിന്ന് പാമ്പാട്ടംപോലെ മുടിയാടുന്നതു് കേരളത്തിൽ സർവ്വസാധാരണമായിരുന്നു. മറവിയുടെ വിസ്മൃതിയിലാണ്ടു പോയ, ഭാവനാസമ്പന്നമായ ഈ കല പുനരുദ്ധരിക്കുന്നതു് അത്ര എളുപ്പമല്ല. ഈരടികൾ സസൂക്ഷ്മം ഗവേഷണം ചെയ്താൽ നമ്മുടെ പൂർവ്വികരുടെ കലാബോധം ഏററവും മഹനീയമായിരുന്നു എന്ന് പെട്ടെന്നു മനസ്സിലാക്കാവുന്നതാണ്. കലകളിൽ ഒന്നാം സ്ഥാനം അർഹിക്കേണ്ട മനോഹരമായ നൃത്തമാണ് മുടിയാട്ടം.

തിത്താര—തികിതാര തകതികിതാര
തിത്താര—തികിതാര—തകതികിതാര

മണ്ണാടി—മണ്ണാടി—ലെന്റ മണ്ണാടിലമ്മേ—മണ്ണാടി
മണ്ണുകൊണ്ടു മയം പിടിച്ചാനൊരു തുത പണ്ണിതേ
അത്തുതക്കൂടത്തിനകത്തു കിളി വളത്തുണ്ടേ
ചുററിച്ചുററിപ്പറക്കുന്നേ കിളി പൈങ്കിളിക്കുഞ്ഞേ

തെങ്ങിന്റം തിരുള്ളോലെപ്പുറന്നതുപററി
തെങ്ങിന്റയകം ക്രൂമ്പും കുലകരിഞ്ഞിട്ടേ
തെങ്ങിന്റം തിരുള്ളോലെപ്പുറന്നതുപററി
തെങ്ങിന്റ പുറം ക്രൂമ്പും കുലകരിഞ്ഞിട്ടേ

പഞ്ചകോടി പരമീച്ചരനോട്ടും പരമിരക്കുന്നേ
കൊത്തിത്തിന്നാൻ ചുണ്ടിനോട്ടും പരമിരക്കുന്നേ
കീച്ചു തിന്നാൻ കാലിനോട്ടും പരമിരക്കുന്നേ
പറന്നുപററാൻ ചിറകിനോട്ടും പരമിരക്കുന്നേ

* * * *

ഏതൊരെക്കിഴക്കുന്നാണ്ടൊരു പെണ്ണു വരുന്നേ
ചാടത്തും ചരിഞ്ഞും പെണ്ണു വരികയല്ലാണോ
കന്നേലക്കോണിക്കവെന്നു മറഞ്ഞതുന്നിന്നേ
ചൂരിയപ്പടക്കച്ചെയങ്ങു ഞെറിഞ്ഞിട്ടുത്തേ
ചങ്കിലും നാണിലും പെണ്ണുകളത്തിലും വന്നേ
ഇന്നലെയിത്തുനേരം ഞാളിട്ടകളമേ
ആടാങ്കിലാടെടിപെണ്ണേ കുന്നുവം പെണ്ണേ
വയ്യങ്കിക്കളത്തീന്നു പെണ്ണു മാറിത്തരേണം
പയ്യേനെ—പയ്യേനെപ്പെണ്ണാട്ടം തുടങ്ങി
പാർവള്ളി ഇടക്കെട്ടുപോലെ വളന്ന മുടിയെ
മുടിപോയി മുക്കാതം വഴിവീശിവരട്ടെ.
പാമ്പാട്ടം തിരിഞ്ഞാട്ടം ഞാളു കണ്ടിട്ടുണ്ടേ.
ആടാങ്കിലാടെടിപെണ്ണേ കുന്നുവം പെണ്ണേ
വയ്യെങ്കിക്കളത്തീന്നു പെണ്ണു മാറിത്തരേണം
കിഴക്കുന്നു തിമന തൊഴുതാടി വരട്ടെ
തെക്കുന്നു തേനാതി തൊഴുതാടിവരട്ടെ.
പടിഞ്ഞാറു പാർക്കടൽ തൊഴുതാടിവരട്ടെ
വടക്കുന്നു മാവേലി തൊഴുതാടിവരട്ടെ
മുടിപോയി മുക്കാതം വഴിവീശിവരട്ടെ
...യെററിമുക്കാതം വഴിവീശിവരട്ടെ.

കൊക്കരോ=ഫിഡിൽപോലുള്ള ഒരുതരം പ്രാചീനവാദ്യമേളം.

കുറിപ്പ്:—വള, ചങ്ക്, കൊതച്ചവില്ല്, നല്ല ആഭരണം എന്ന് നാലു പര്യായങ്ങൾ ഉള്ളതായി വന്ദ്യവയോധികനായ കേസരി ഏ. ബാലകൃഷ്ണപിള്ള അദ്ദേഹത്തെ ഇതിൻെറ കയ്യെഴുത്തുപ്രതി വായിച്ചുകേൾപ്പിച്ചപ്പോൾ പറഞ്ഞുതന്നു. തമിഴിൽ "കൊക്കരൈ" എന്നു പ്രയോഗമുണ്ട്.

കുറിപ്പ്:—മുടിയാട്ടത്തിന് മലബാറിൽ നീലിയാട്ടമെന്നാണ് പറയുന്നതു്, ചങ്ങഴിയുടെ പുറത്ത് വളരെ സൂക്ഷ്മതയോടുകൂടി നിന്നു് ഇരുകൈകളും മാറിടത്തോടുചേർത്ത് ശരീരത്തിൻെ ഓരോ അവയവങ്ങളും പാട്ടിൻെറ ഗതിയനുസരിച്ച് ചലിപ്പിച്ച് മുടിയാടുന്നതിന് നല്ല പരിചയമുള്ളവക്കേ സാധിക്കയുള്ളൂ. കഴുത്തിനു മുകൾഭാഗം യാതൊരു തടസ്സവുമില്ലാതെ പമ്പരം കറങ്ങുന്നതുപോലെ ചലിപ്പിക്കുന്നതിനും, അതോടൊപ്പംതന്നെ തലമുടി ചുഴററുന്നതിനും അഭ്യസിക്കുന്നതു എളുപ്പമുള്ളതല്ല. ഒന്നിലധികം യുവതികൾ ഒരേ സമയത്ത് ഒരേ ചിട്ടയിൽ മുടിയാടുന്നതിനും, തുടന്നുള്ള ആനക്കളി, മാൻകളി, കാക്കക്കളി; കുമ്മി മുതലായവ അഭിനയിക്കുന്നതും കാണാൻ വളരെ ഇമ്പമുള്ളതാണ്. പ്രോത്സാഹനമർഹിക്കുന്ന നാടൻ കലകളിൽ ഏററവും പ്രാധാന്യമുള്ള കലയാണ് മുടിയാട്ടം.

## ആനക്കളി

മൂന്നാം ചുവടിൽ മുന്നോട്ടുചാടി, നാലാംചുവടിൽ മദയാനയെപ്പോലെ മന്ദം മന്ദം നടന്ന് പൊലിവു ചോദിക്കുന്ന സന്ദർഭത്തിൽ പാടാറുള്ള ഈരടികൾ:–

ഇക്കളിക്കെന്തുകിട്ടും—തിത്തെയ്യണം
പട്ടുപൊലിവു കിട്ടും—തിത്തെയ്യണം
ആനക്കളി കാണട്ടെ—തിത്തെയ്യണം
കുതിരക്കളികാണട്ടെ—തിത്തെയ്യണം

---

## മാൻകളി

പ്രശാന്തസുന്ദരമായ വനാന്തർഭാഗത്ത് മാൻപേടകളുമൊത്ത് വിനോദത്തിലേർപ്പെട്ടിരുന്ന സീത അഭിനയിച്ച കളിയാണ് "മാൻകളി" എന്നുള്ള ധാരണ ഇന്നും മലവർഗ്ഗക്കാരുടെ ഇടയിൽ നിലവിലുണ്ട്. ഏതായാലും മാരീചികൻ മാനിൻെറ രൂപത്തിൽ ശ്രീരാമൻെറ വർണ്ണശാലയ്ക്കു സമീപം വരുന്നതും, സ്വർണ്ണനിറമായ മാനിനെ പിടിക്കുന്നതിന് സീത മുതിരുന്നതും, മാനിനെ കിട്ടായ്കയാൽ നിരാശയോടുകൂടി ഭർത്താവിനെ സമീപിക്കുന്നതുമാണ് കഥാതന്തു. അതിമനോഹരമായ നൃത്തസംവിധാനമാണ് മാൻകളി.

നമ്മുടെ മാനാണേ
ലാ പുള്ളി മാനാണേ—തിത്താംതെയ്
നമ്മുടെ മാനാണേ
വരക്കിപ്പുറം നിന്നുകളി—തിത്താംതെയ്

ആരാൻേറം മാന്നാണേ
വരക്കപ്പുറംന്നിന്നകളി—തിത്താംതെയ്
ഏഴവരവരച്ചേ
ഒന്നുകൂടെ വരവരച്ചേ—തിത്താംതെയ്

---

## കാക്കക്കളി

കാക്കയെപ്പോലെ മുന്നോട്ടും, പുറകോട്ടും മേല്പോട്ടും കീഴ്പ്പോട്ടും ചാടിയും കണ്ണുകൾ ചലിപ്പിച്ചും ഇരുന്നു കളിക്കുന്നതു് വളരെ ആയാസമുള്ളതാണു്.

കാക്കയി—കാക്കയി—ഇല്ലെ
കയ്യാണടം കാക്കേ
കയ്യാണടം—കയ്യാണടം—പിന്നെ
കയ്യാണടം കാക്കേ
മുന്നോട്ടും പുറന്നോട്ടും—ഒന്നു
നോക്കിണ കാക്കേ
മേപ്പോട്ടും—കീപ്പോട്ടും—ഒന്നു
നോക്കിണകാക്കേ

## കുമ്മി

ദേവാലയങ്ങളിൽ മുടിയാട്ടുന്നതു് ഈ അടുത്ത കാലത്തുവരെ സാധാരണയായിരുന്നു. ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ചിട്ടുള്ള ദേവന്മാരും ദേവിമാരും തങ്ങളുടെ ചെമ്മ (പിതാമഹന്മാർ) മാണെന്നാണ് മലവർഗ്ഗക്കാരും ഹരിജനങ്ങളും അവകാശപ്പെടുന്നതു്. അപ്രകാരമുള്ള ഈരടികൾ പാടു

മ്പോ൦ നിരവധിമട്ടിലുള്ള കുമ്മിയടിക്കുന്നതു് സാധാരണ യാണു്

പന്തളംതന്നിൽ വാഴും—തെയ്ത്താം
നീലകണ്ഠൻ പകവാൻ-തെയ്യ്രോ
ഏുര—ഏുര—ഏുര.
നമ്മുടെ ചെമ്മമാണേ—തെയ്ത്താം
നമ്മുടെ ചെമ്മമാണേ—തെയ്യ്രോ
ഏുര—ഏുര—ഏുര

SAHITHYA ... ASINI LIBRARY & RE... QUILON ... AYATHIL ...

# കളരിയും—പടപ്പാട്ടുകളും

## കളരിയഭ്യാസം

മൂന്നു വയസ്സിൽ മുടിയിറക്കി, അഞ്ചു വയസ്സിൽ കാതു കുത്തി, ഏഴുവയസ്സിൽ എഴുത്തിനിരുത്തി, അക്ഷരവിദ്യയും ആയുധവിദ്യയും അഭ്യസിപ്പിച്ചിരുന്ന മഹനീയ വിദ്യാഭ്യാസരീതിയെയാണു് കളരിയഭ്യാസമെന്നറിയപ്പെട്ടിരുന്നതു്.

## കളരി

കുടിപ്പള്ളിക്കൂടത്തിനും, പരിശകളി, അടിതട, ഗുസ്തി, പയററു് മുതലായ കളികൾ പഠിപ്പിക്കുന്ന സ്ഥലത്തിനും ......എല്ലാം "കളരി"യെന്നാണു് ഇന്നു പറയുന്നതു്. ചുരുക്കത്തിൽ കളരിയെന്നാൽ വിദ്യാലയമെന്നു് വിവക്ഷിക്കാം. അഞ്ചു വിധത്തിലുള്ള കളരികളാണു് കേരളത്തിൽ നിലനിന്നിരുന്നതു് അവ:—

1. അൻപത്തീരടി കളരി
2. നാല്പത്തീരടി കളരി
3. മുപ്പത്തീരടി കളരി
4. പതിനെട്ടീരടി കളരി
5. പന്തീരടി കളരി എന്നാകുന്നു.

ഓരോ കളരിയിലും പ്രധാനപ്പെട്ട അഞ്ചു ഭാഗങ്ങൾ ഉണ്ടായിരുന്നതായും ഈരടികൾ സാക്ഷ്യം വഹിക്കുന്നുണ്ടു്.

1. നെട്ടം കളരി
2. കുറം കളരി

3. അങ്കക്കളരി
4. ചെറുകളരി
5. തൊട്ടുകളരി ആകുന്നു.

അനേകമാളുകൾ ഒന്നിച്ചുനിന്നു പടപൊരുതി അഭ്യസിക്കുന്നതിന് "നെടുംകളരിയും", ഒളിപ്പോരുകൾ അഭ്യസിക്കുന്നതിന് "കുറുംകളരിയും", ദ്വന്ദയുദ്ധത്തിന് "അങ്കക്കളരിയും", മരുന്നും ഒററമൂലികളും പഠിക്കുന്നതിന് "ചെറുകളരിയും", "ചൂണ്ടുവർമ്മം-തൊട്ടുവർമ്മം" മുതലായ മർമ്മാണികൾ അഭ്യസിക്കുന്നതിന് "തൊട്ടുകളരിയും" ഉപയോഗിച്ചിരുന്നു.

**മെയ്‌വഴക്കം**

ആയോധന വിദ്യയിൽ മെയ്‌വഴക്കമാണ് ആദ്യമായി അഭ്യസിക്കുന്നത്. പൂമിക്കുമൂത്ത "പൂവൻകൊറുന്ത" എന്ന ഒററമൂലി ഇട്ടുകാച്ചിയ മുഴക്കെണ്ണ മുടിയിലും ചിറെറള്ളിൻെറണ്ണയും, മയിലെണ്ണയും, പാകത്തിനു കലത്തി മെയ്യിൽ തടവി, "തിരുമ്മും പിഴിച്ചിലും" കഴിച്ച് ശരീരത്തിനും മാംസപേശികൾക്കും "ലയവും-മാർദ്ദവും-ഉറപ്പും" വരുത്തി കച്ചകെട്ടി അഭ്യാസം ആരംഭിക്കും. "മേലായം-കീഴായം" തുടങ്ങിയ ചാട്ടം, "അയ്ംകരണം-പൊയ്ംകരണം" ആദിയായ മറിച്ചിൽ, ഒന്നു മുതൽ നൂറെറാന്നുവരെയുള്ള ചുവടുകൾ, യോഗാഭ്യാസം എന്നിവയെല്ലാം മെയ്‌വഴക്കത്തിൻെറ പരിശീലനങ്ങളാണ്. ഐവർകളി, പരിശകളിയുടെ ചുവട്, വട്ടക്കളി എന്നിവയെല്ലാം കളരിയഭ്യാസത്തിൻെറ മെയ്‌വഴക്കസമ്പ്രദായത്തെ അനുസ്മരിപ്പിക്കുന്നതാണ്.

**അങ്കം**

"മെയ്യും-ചുവടും" ഉറച്ചാൽ അങ്കം അഭ്യസിച്ചുതുടങ്ങാം. പ്രധാന അങ്കങ്ങൾ ഏഴാണ്.

1. സരസ്വതിയങ്കം
2. ഗണപതിയങ്കം
3. കൊൽത്താരിയങ്കം
4. വാൾത്താരിയങ്കം
5. എലിയങ്കം
6. പുലിയങ്കം
7. കോഴിപ്പോരങ്കം. ആകുന്നു.

അവയുടെ "പെരുക്കങ്ങളായ" 22 അങ്കങ്ങൾ വേറെയുണ്ട്. ദ്വന്ദയുദ്ധത്തിന് "ഓരങ്ക"മെന്നും, ഒരാൾ രണ്ടു വ്യക്തികളോട് പൊരുതുന്നതിന് "ഈരങ്ക"മെന്നും പറയുന്നു. ആയുധങ്ങൾ ഉപയോഗിച്ചും അല്ലാതെയും അങ്കം പയററാറുണ്ട്. അടിതട, ഗുസ്തി, "മുച്ചാൺ-പന്തിരിച്ചാൺ" മുതലായ വടിപ്രയോഗങ്ങൾ, വാൾ, ഉറുമി, കുന്തം മുതലായ മാരകായുധങ്ങൾ ഉപയോഗിക്കുന്നതും മററുമാണ് അങ്കക്കളരിയിൽനിന്നുമഭ്യസിക്കുന്നത്. "അടിയും-തടയും, വെട്ടും-കുത്തും, ഒഴിവും- മറിവും" പഠിച്ചു പാസായാൽ ആയുധമില്ലാതെതന്നെ പ്രതിയോഗിയെ നേരിടുന്നതിനും, അവരുടെ ആയുധങ്ങൾ പിടിച്ചുവാങ്ങുന്നതിനും അഭ്യസിക്കും. "ചതിവാളു"വെട്ടുന്നവരോടും, "ഒളിയമ്പു" എയ്യുന്നവരോടും, "കള്ളക്കോൽ" പ്രയോഗിക്കുന്നവരോടും നേരിടുന്നതിനും പഠിക്കുന്നതു് അങ്കക്കളരിയിൽവച്ചുതന്നെയാണ്. ഒരുവൻപിച്ച് സമൂഹത്തിനോട് ഒററക്കുനിന്നു പടപൊരുതുന്ന

തിനും, മേലായം ചാട്ടന്നതിനും, കീഴായത്തിന് ഒഴിയുന്ന തിനും മററം പഠിക്കുന്നത് നെട്ടംകളരിയിൽനിന്നുമാണ്, തുടന്ന് ഏയ്ത്തു മത്സരം, കത്തിയേറ്, കഠാരിയേറ്, കുന്തം എറിയുക ആദിയായ പയററുകളും, "മരുന്നും മറുവശവും", "മയ്യും-പൊടിയും" ഉപയോഗിച്ചുള്ള ആൾമാറാട്ടവും എല്ലാം കളരി ആശാന്മാർ അഭ്യസിച്ചുപോന്നു.

ചുരുക്കത്തിൽ അമ്പത്തൊന്നക്ഷരവും "വാക്യവും-വരപ്പേറും", നീതിസാരവും, "മന്തിരി-മുണ്ഡാണി" തുടങ്ങിയ കണ...കകളും, മെയ്‌വഴക്കം, ചുവട്, ഓരങ്കം, ഈരങ്കം, പയററ് "വെട്ടും-തടയും", വില്ലും അമ്പും ഉപയോഗിക്കുന്നവിധങ്ങളും "ഓരില-മൂവില-പുത്തരിച്ചുണ്ട" തുടങ്ങിയ ഒററമൂലി പ്രയോഗങ്ങളും, "ചൂണ്ടുവമ്മം-തൊട്ടുവമ്മം" തുടങ്ങിയ മമ്മാണികൾ, "മയ്യും-പൊടിയും" ഉപയോഗിച്ചുള്ള ആൾമാറാട്ടം.........അക്ഷരവിദ്യയും—ആയുധവിദ്യയും അഭ്യസിപ്പിക്കുന്ന വിദ്യാഭ്യാസരീതിയാണ് കളരിയഭ്യാസമെന്ന് പറയുന്നത്.

വിദേശാധിപത്യവും, സ്ഥാപിതതാത്പര്യങ്ങൾക്കു വേണ്ടിയുള്ള വിദ്യാഭ്യാസനയവും കളരിയഭ്യാസത്തെ നശിപ്പിച്ചു. കളരിയും, ആയുധങ്ങളും സക്കാർ കണ്ടുകെട്ടി. ആയുധങ്ങൾ വീട്ടുകളിൽ സൂക്ഷിക്കുന്നതുപോലും കുററകരമാക്കി നിയമം സൃഷ്ടിച്ചു. പക്ഷേ ഗ്രാമീണരുടെ ഹൃദയാന്തർഭാഗത്തുനിന്നും കളരിവിദ്യാഭ്യാസത്തെ പാടെ മായിക്കുവാൻ ഇവകൊണ്ടൊന്നും സാധിച്ചില്ല. ഇന്നും നമ്മുടെ ഗ്രാമീണരുടെ ഇടയിൽ നിലനിന്നുപോരുന്ന "പരിശകളി, പരിശമുട്ടുകളി, മാർഗ്ഗംകളി, കമ്പുകളി, കോലാട്ടം, അടിതട, ഗുസ്തി, വടിവീശ്, വാൾപ്പയററ്, അരിവാൾപ്പയററ്,

വേലകളി, ഓച്ചിറക്കളി, ഐവർകളി, ചുവടുകളി, വട്ടക്കളി, കളരിപ്പയററ്” (വാളു്-പരിശ-ഉറുമി”, തുടങ്ങിയ മാരകായുധങ്ങൾ ഉപയോഗിച്ചുള്ള ആയോധനാഭ്യാസങ്ങൾക്ക് ഇക്കാലങ്ങളിൽ ഉപയോഗിക്കാറുള്ള വാക്കാണു് കളരിപ്പയററ്) മുതലായ നിരവധി കായികാഭ്യാസപ്രകടനങ്ങൾ കളരിയഭ്യാസത്തിൻെറ അവശിഷ്ടങ്ങളാണു്.

വാളും പരിശയും ഉപയോഗിക്കുന്നതു് കുററകരമാക്കി സക്കാർനിയമം കെട്ടിപ്പടുത്തപ്പോൾ, വടിയും തടികൊണ്ടുള്ള പരിശയും ഉപയോഗിച്ച് കേരളത്തിൻെറതായ കലകൾ നശിപ്പിക്കാതെ നിരക്ഷരകുക്ഷികളായ ഗ്രാമീണർ കാത്തുസൂക്ഷിച്ചു. “മെക്കോളേ” പ്രഭുവിൻെറ വിദ്യാഭ്യാസപദ്ധതിപ്രകാരം ഉന്നതബിരുദം നേടിയവരും മററും അവങ്ങളോട്..... അവഹേളനമാക്കി വലിച്ചെറിഞ്ഞ നമ്മുടെ നാടൻ കലകൾ സാമ്പത്തികമായി അധഃപതിച്ച കർഷകരും കർഷകത്തൊഴിലാളികളും എല്ലാ പ്രതിബന്ധങ്ങളേയും തരണംചെയ്തു്, കളരിയുടെ ചുവടും, പയററിനെയും വർണ്ണിക്കുന്ന ഈരടികൾ കേവലം വായ്പാട്ടായ് പകന്നു് മനോജ്ഞങ്ങളായ മധുരഗാനങ്ങൾ—ഇന്നും അയവിറക്കാറുണ്ടു്. കാലാകാലങ്ങളിൽ സമൂഹത്തിൽ ഉടലെടുത്തിട്ടുള്ള വ്യതിയാനങ്ങളും മതത്തിൻെറ പ്രേരണയും ഈരടികളിൽ പ്രതിധ്വനിക്കുന്നതൊഴിച്ചാൽ കളരി വിദ്യാഭ്യാസത്തിൻെറ മഹനീയതയെ വിവരിക്കുന്ന ഭാഗങ്ങൾ നമ്മെ അമ്പരിപ്പിക്കുന്നതാണു്. വിദേശാധിപത്യവും, വിദ്യാഭ്യാസരീതിയും കാരണം കളരിയഭ്യാസം ഈരടികൾ പാടിക്കളിക്കുന്ന കേവലം “കളി”യായി രൂപാന്തരപ്പെട്ടു. ഹൈന്ദവരുടെ ഇടയിലുള്ള താണ ജാതികൾ “പരിശകളിയും” മുഹമ്മദീയർ

"പരിശമുട്ടുകളിയും" കൃസ്ത്യാനികൾ "മാർഗ്ഗംകളിയും" അവ രുടെതായ സമൂഹത്തിനിടയിൽ പ്രചരിപ്പിച്ചു. ചുവടും, താളവും, മേളവും എല്ലാം ഒന്നുതന്നെയെങ്കിലും പരിശക ളിക്കും പരിശമുട്ടുകളിക്കും വടിയും തടികൊണ്ടുള്ള പരിശ യും "കോലാട്ടത്തിന്" നീളമുള്ള രണ്ടു വടിയും, "കമ്പുകളി ക്ക്" ഒട്ടുച്ചാൺ നീളമുള്ള രണ്ടു കമ്പും, "മാർഗ്ഗംകളിക്ക്" വെള്ളിയോ പിത്തളയോ കെട്ടിയ ഒരു വടിയുമാണ് ഈക്കാ ലങ്ങളിൽ ഉപയോഗിക്കാറുള്ളത്.

നാലഞ്ചടി ഉയരത്തിൽ വാഴപ്പിണ്ടി കുഴിച്ചുനാട്ടി, മു കളിൽ നിലവിളക്കു കൊളുത്തി, ചുററും വട്ടംനിന്ന് താള ത്തിനൊത്ത് പാട്ടുപാടി ചുവടുവച്ചു കളിക്കുന്നതിന് നല്ല മെയ്‌വഴക്കവും പരിചയവും ഉള്ളവർക്കേ സാധിക്കയുള്ളൂ. പാടുന്ന ഈരടികൾ ഒന്നാണെങ്കിലും അതാതു കളികൾക്ക് താളവും ഈണവും വ്യത്യാസമുണ്ട്. ചുവടിൻെറ ഗതിയ നുസരിച്ച് നീട്ടിയും, കുറുക്കിയും പാടുന്നതു കേട്ടു മനസിലാ ക്കുകയല്ലാതെ രീതി ഇന്നതെന്ന് സൂചനകൾ നൽകുന്നതു കൊണ്ട് ഫലമില്ല.

1. പരിശകളി
2. പരിശമുട്ടുകളി
3. മാർഗ്ഗം കളി
4. കമ്പുകളി
5. കോലാട്ടം
6. ചുവട്ടുകളി
7. വട്ടുകളി

തുടങ്ങിയ കളികളുടെ ഈരടികളാണ് ചുവടെ ചേക്കുന്നത്.

**കളരിവണക്കം**

പാലുപോലുള്ള നിലാവെളിച്ചത്ത് നിലവിളക്കു കൊളുത്തി അതിനു ചുററും വട്ടം നിന്ന്, പാട്ടുപാടി കളരി വണങ്ങുമ്പോൾ കളരിയുടെ മഹാത്മ്യത്തേയും ഗുരുനാഥന്മാരുടെ പ്രഭാവത്തേയുമാണ് വർണ്ണിക്കുന്നത്:—

വാ വാ വാ വാ വാ കളരി ഗുരുനാഥനെ വാ വാ
വാ വാ വാ വാ വാ അൻപത്തീരടികളരികൾ വാ വാ

ഏററനാട്ടും കീർത്തിപ്പെട്ട
ഇമ്പമേറും കത്ത്യനാട്ടിൽ
അൻപത്തീരടികളരികൾ വാ വാ
കളരിഗുരുനാഥനെ വാ വാ

വാ വാ വാ വാ വാ കളരിവിരുതനെ വാ വാ
വാ വാ വാ വാ വാ പടയിൽ വിരുതനെ വാ വാ.

ഏററനാട്ടും=എല്ലാ നാട്ടിലും    കത്ത്യനാട്ട്=കടത്തനാട്ട്

**സഭ വണക്കം**

"തരത്തിൽ വാളും ചിലമ്പില്ലെങ്കിലും—തരക്കാരേ നിങ്ങൾ ചിരിക്കല്ലേ" എന്നുള്ള അഭ്യർത്ഥനയോടുകൂടി പാട്ടുപാടി കളിച്ചു് സഭയെ വണങ്ങുന്നത് എത്ര ആശയസമ്പന്നമെന്ന് ഈരടികൾ സാക്ഷ്യം വഹിക്കുന്നു.

വന്ദനമിന്നെല്ലാപേക്കും വന്ദനം തരുന്നേൻ
നന്ദിപൂർവ്വം ഞങ്ങളെല്ലാമൊന്നുചേന്നു് കണ്ടേ

ആടിപ്പാടിക്കളിക്കുവാൻ ത്രാണി ഞങ്ങൾക്കില്ല
മോടികൂട്ടും നാട്യങ്ങളിലൊന്നുമറിഞ്ഞൂടാ

അറിവുള്ള നിങ്ങൾ പലരും കൂടിയ
സഭയിൽ ഞങ്ങൾ ചെറിയവർ
അറിവും ശ്രദ്ധയും കുറവാണെ
ഞങ്ങൾ ക്കതിശയ കളിവശമില്ല.

തരത്തിൽ വാളും ചിലമ്പില്ലെങ്കിലും
തരക്കാരെ നിങ്ങൾ ചിരിക്കല്ലേ
വിളക്കത്തൊടി കളിക്കുന്നേരം
ഗുരുക്കന്മാരുടെ തുണവേണം.

**വേഷസംവിധാനങ്ങളുടെ വർണ്ണന**

പ്രാചീന കേരളത്തിൽ നിലവിലിരുന്ന വേഷസംവിധാനങ്ങളുടെ വിവരണമാണ് ഈരടികളിൽ പ്രതിദ്ധ്വനിക്കുന്നത്.

**പരിശകളിയുടെ വേഷം**

നാല്പത്തിരണ്ടുമുഴമുള്ള കച്ച
അല്ലിമാം പൂംകച്ച കെട്ടുന്നതുണ്ടേ
നെററിത്തളിതാരകെട്ടുന്നവനേ
നെഞ്ചത്തെ മാർവില്ല കെട്ടുന്നവനേ

കാങ്കിക്കരിംകച്ച കെട്ടുന്നവനേ
തലയിക്കെട്ടുറുമാലുകെട്ടുന്നവനേ
വാളും പരിശയും കയ്യിലെടുത്തേ
ചുരികയും ഉറുമിയും കയ്യിലെടുത്തേ.

## പരിശമുട്ടുകളിയുടെ വേഷം

പച്ചനെല്ലും കതിർകൊത്തി
പറക്കും പൈങ്കിളിത്തത്തേ
നീ കണ്ടോ പൊന്നാരമ്പും കളരി
കണ്ടോ......തക–തിമിർ–തെയ്

കളരിയും കണ്ടു ഞങ്ങൾ
ഗുരുവിൻെറ പാഠം കണ്ടേ
ചിതമേറും ഗുരുവിൻെറ ചമയം–
കണ്ടേ......തക–തിമിർ–തെയ്

പച്ചതൊപ്പി കുപ്പായങ്ങൾ
വെള്ളിപ്പിടി പീച്ചാംകത്തി
പൊന്നുവള ഉറുമിയും വാൾ–
പരിശ......തക–തിമിർ–തെയ്

പച്ചുടയ്ക്കു മുഖം ചെത്തി
പെട്ടകത്തിൽ വെച്ചുപൂട്ടി
പള്ളിവാതലറിയാതെ പോരും–
തത്തേ......തക–തിമിർ–തെയ്

ആട്ടം കണ്ടാൽ മയിലും തോക്കും
കൂ കേട്ടാൽ കുയിലും തോക്കും
താഴ്ചയിൽ പറക്കുന്ന പരുന്തും–
തോക്കും......തക–തിമിർ–തെയ്.

## പടക്കളം

പടക്കളത്തിൻെറ വർണ്ണന, പാട്ടികളിക്കുന്നതിന് പറ്റിയ സ്ഥലത്തെപ്പററിയുള്ള വിവരണം, മുതലായവ ഈര

ടികളിൽക്കൂടി ഭാവിതലമുറയെ അറിയിക്കുന്നതിന് ഗ്രാമീണഗായകർ വായ്-പാട്ടായ് പകർന്നിട്ടുള്ള ഗാനം:—

അന്നം ചിന്നം മഴ പെയ്തു
പൊന്നഴകിയ പൂം ചിറയിൽ
മലവെള്ളം വന്നു തോട്ടും
ചിറയും മുങ്ങി തക–തിമിർ–തെയ്

കൊക്കായ കൊക്കെല്ലാം
പുഞ്ചപ്പാടം തന്നിലിരുന്നു
കൊത്തിയിട്ടും ചിതഞ്ഞിട്ടും
തിന്നുന്ന കൊക്കേ തക–തമിർ–തെയ്

വെള്ളക്കൊക്കു പറയുന്നു
തവിട്ടുകൊക്കങ്ങേതിനോട്
കരിമാടൻ കയിൽ നാട്ടിന്നു
വരവതുമ്പോഴ് തക–തിമിർ–തെയ്

കൊക്കായ കൊക്കെല്ലാം
ഒത്തുകൂടി പറക്കുന്നു
വലുതായൊരു മരത്തിൻെറ
ചെറുതായൊരു ചുള്ളിക്കൊമ്പിൽ
വലുപ്പത്തിൽ ചുണ്ടുമായി
ട്ടിരിക്കും കൊക്കേ–തക–തമിർ–തെയ്.

വേനലൊന്നു പിറക്കട്ടെ
വെള്ളമൊന്നു വലിയട്ടെ
പാടത്തെ ചെളിയെല്ലാം
പൊടിയാകട്ടെ തക–തിമിർ–തെയ്.

## മെയ്‌വഴക്കം

ചുവടുവച്ച്, മെയ്‌വഴക്കത്തിൻെറ അഭ്യാസമുറകൾ അവതരിപ്പിക്കുമ്പോൾ "മാലോകരെ മാറി വഴിതരണേ" എന്ന അർത്ഥവത്തായ അഭ്യർത്ഥന കളികാണുമ്പോൾ, അതിൻെറ യാഥാർത്ഥ്യം മനസ്സിലാകാൻ സാധിക്കുന്നതാണ്.

മണി വിളക്കേ
മണി വിളക്കേ
മാണിക്യപൊൻകൊടിയേ
തക–തിമിർ–തെയ്.

കണ്ണാടിയിൽ
കണ്ണാടിയിൽ
കണ്ടമുഖം കണ്ടേ
തക–തിമിർ-തെയ്

മാലോകരെ
മാലോകരെ
മാറി വഴിതരണേ
തക–തിമിർ–തെയ്.

## ചുവടുകളി

വളരെ ആയാസമുള്ള അഭ്യാസമാണ് ചുവടുകളി. മൂന്നാം കണ്ണത്തിൽ, മുച്ചൈവുടിൽ ഞൊണ്ടിനെപ്പോലെ ചാടിക്കളിക്കുമ്പോൾ അതിനുതകുന്ന ഈരടികളാണ് പാടാറുള്ളത്.

കണ്ണിനു രണ്ടിനും മയ്യെഴുതി
ഇവളാളറിയാതെ കച്ചവടം

കില്ലു കില്ലു വളയം ഇവളിട്ടേ
കണ്ണാടിവളയം അവളിട്ടേ
കടപ്പുറത്തൊരു മണ്ണിൽ–നല്ല
വെള്ള വെള്ളത്തൊരു മണ്ണേ–തിമിർ തെയ്

വെള്ള വെള്ളത്തൊരു മണ്ണിൽ–നല്ല
കുഴി കുഴിച്ചൊരു ഞണ്ടേ–തിമിർ തെയ്
ആറും നാലും പത്തേ––നല്ല
കാലുള്ളൊരു ഞണ്ടേ–തിമിർ തെയ്.

**പടക്കുതിര**

പാണ്ടിയുടെയും മല്യാളത്തിൻെറയും അതിത്തിയിൽ, മലനാടന്മാർ പടപൊരുതിയകാലത്ത് പടക്കുതിരയെ ചമച്ചൊരുക്കിയതെങ്ങനെയെന്ന് വർണ്ണിക്കുന്ന പാട്ട്:—

പന്തീരണ്ടു മലനാടന്മാർ മലവില്ലന്മാരും
പാണ്ടി മലയാളത്തിൻെറതിരും തലക്കേ

പന്തീരണ്ടു പടച്ചട്ട കുതിരയെ
പടക്കായ് ചമച്ചൊരുക്കി
പടവില്ല ചമച്ചൊരു പടക്കുതിരയെ
പടക്കായ് ചമച്ചൊരുക്കി
വലിയൊരു വെടിവെച്ചു
കുതിരയെ ചാടിച്ചുകൊണ്ടുവരും

ചാട്ടത്തിനെതിരായ്
പടവെട്ടിപ്പറക്കുന്നു
വാളുകൾ മറിയുന്നു
ചരിൽകൾ പറക്കുന്നു

എതിരായ് പടവെട്ടും
ആരു പടയാളി
പന്തീരായിരം
എവിടെ?

**പടയെ വെല്ലുവിളിക്കുന്ന ഈരടികൾ**

എതിർപ്പാനാരിവിടെ
പടയ്ക്കായ് വന്നു ഞങ്ങൾ
തടുപ്പാനായി വാളും പരിശ
കയ്യിൽ തക-തിമിർ-തെയ്.

എടുപ്പിൻ വാൾ പരിശ
കൊടുപ്പിൻ വെട്ടുതട
അറപ്പിൻ ആയുധങ്ങൾ
മുറിഞ്ഞിടട്ടെ തക-തിമിർ-തെയ്

തടുപ്പാൻ ക്ഷീണമെങ്കിൽ
വരുവിൻ കീഴടങ്ങാൻ
ആയുധങ്ങൾ വെച്ചു ക്ഷമ
പറഞ്ഞീടുവിൻ തക-തിമിർ-തെയ്

പെരുത്ത പോർപൊരുതി
ജയിച്ചു പോന്നു ഞങ്ങൾ
പോകണം ബാലന്മാരേ
മലങ്കരയ്ക്കു തക-തിമിർ-തെയ്.

**കേരളത്തിൽ യുദ്ധത്തിനു വന്നവരോട്**
**പടവെട്ടിയ വെട്ടത്തുനാട്ടിലെ**
**എട്ടുണ്ണിമാരുടെ കഥ**

വെട്ടത്തുനാട്ടിൽ മികവേർ പണിക്കന്മാർ
എട്ടുണ്ണിമാരും പടവെട്ടിയ ചരിത-ത്തെയ്

വെററില തിന്നാനും
വേളാങ്ങം കൂട്ടാനും
വെട്ടത്തുനാടൊരു
നല്ലോർ നാടേ.........
വെട്ടപാണവരോ—ഇവരു
വിരുതുപാണവരോ
കേരളപ്പടയ്ക്കു
പടവെട്ടിവന്നവരോ
വാളെടുത്തു വീശി
വെട്ട്യാ രണ്ടു തുണ്ടമിതാകും.

**വേടന്മാരുടെ കവണയുദ്ധം**

കാടെല്ലാം തേടിനാനൊരു
കലൈമാനിനെ തിരഞ്ഞു
കാട്ടിലിടൻ പോയിത മാനിനെ
കണ്ടില്ലതുവേടാ—ഇന്തമാനേ
കല്ലെലിമാൻ—മലയിൽ
രണ്ടെലിമാൻ—മറിയുന്നു
കാവണവെച്ചെറിയെടോ
കാവണക്കാരാ—ഇന്തമാനേ
വേടന്മാർ വലവെച്ചു
വലക്കണ്ണിലകപ്പെട്ടു
വലക്കണ്ണിലകപ്പെട്ടാൽ
കിട്ടുമോ വേടാ—ഇന്തമാനേ.
കളി—താ—ഇന്തത്തരികിട
തിമിർ—താ—തെയ്.

**ചതിവാളുവെട്ടുന്ന എതിരാളികളോട്-**
**പൊരുതുന്നതെങ്ങിനെ?**

പറവൻ പൊന്മണിമികവേറം തുടർ
പുതിയ പൊന്മണി നഗരിയിൽ
പല നാട്ടിൽ പലമികമി പെററുള്ള
പല നാട്ടും മമ ഗുരുക്കളെ
പല നാട്ടിൽ ഞാനവിടെ ചെന്നപ്പോഠം
പറഞ്ഞല്ലോ എൻെറ ഗുരുക്കളും
താനിന്നം കളി-താനിന്നം കളി
താനിന്നം കളി-താനിന്നാ

ഉലകത്തോളം ചവുട്ടിക്കെട്ടി
കളിക്കും കുഞ്ചുണ്ണി പണിക്കരെ
ചവുട്ടിക്കെട്ടികളിക്കും നേരത്തു
ചതിവാള് വെട്ടി മറിയല്ലേ
ഒടിതലകുത്തി ചെരിപ്പും
നീട്ടി വടിവാളുവലിച്ചടിക്കിലും
പുതുമകാണുമ്പോളവൾക്ക തോന്നും
പറക്കും മാനത്തെപ്പരുന്തുപോൽ

താനിന്നംകളി-താനിന്നം കളി
താനിന്നം കളി-താനിന്നാ

**മലയാളിയുടെ കുഴൽനാദം കേട്ടപ്പോഠം-**
**തെക്കും വേലുണ്ണിയും, കൊല്ലംപെണ്ണും**
**തമ്മിലുള്ള യുദ്ധം**

മലകഠം വെട്ടി തിനവിതച്ചേ
മലയിഞ്ചിക്കാട്ട ക്കതിർമുഖംചൂടി

ഒരു തരം നല്ല തിനകമെല്ലാം
എള്ളോട്ടു ചാമ-തിന വിതച്ചേ

മലയിഞ്ചിമഞ്ഞ കതിരുകൾ നല്ല നെല്ല്
കുലയുടെ വാഴ-തിനതെന്തിന്നാന
മലയാളി തൻെറ-കുഴലുനാദം കേട്ട്
കച്ചയും കെട്ടി-തൊങ്ങലുമിട്ട്
മലയമ്പുകൊണ്ടി-ട്ടൊഴുകുന്ന ചോര
ഓട്ടുന്നു പ്രാണൻ-തിനതെന്തിന്നാന
മലഞ്ചെരിവുക്രൂടി-പോപ്പോ ഇന്ത-തെയ്-തെയ്.

## യുദ്ധത്തിനുപോകാൻ-മാതാവിനോട്
## അനുവാദം ചോദിക്കുന്ന പാട്ട്

കണ്ണേ പടിഞ്ഞാറേ കടപ്പുറത്തു-അള്ളോ
കൊലക്കൊടി കപ്പൽപണി തുടങ്ങി
വാളും പരിചയും തരികയുമ്മാ
ആളെ കുലചെയ്തു വരട്ടെ ഞാനെ,

വാളെടുത്തു വീശി വെട്ട്യാ
രണ്ടു തുണ്ടമിതാകും

വാളും പരിശയും തരികയില്ല മകനേ
ആളെ കുലചെയ്തു വരിക വേണ്ട
വാക്കാൽ പറഞ്ഞേനം കട്ടപ്പംകൊണ്ടേ-അള്ളോ
വാടി മുഖം ചീറി നടന്നേ നാലി.

അള്ളാ മഹമ്മദു-ജമ്മത്തു
മഹമ്മദുലാതം-നൂറുള്ള

.........................

## നടുക്കണ്ണം

**അനേകമാളുകൾ ചേർന്നു്, ഒരാളിനോടു പൊരുതുമ്പോൾ പാടുന്ന പാട്ടു്**

നാലുവശത്തും നില്ക്കുന്ന കളിക്കാർ, യാതൊരു ദാക്ഷിണ്യവും കൂടാതെ, ചൂവടിന്മേൽ ചാടി അടിക്കുമ്പോൾ കേവലം രണ്ടു വടിയുമായി മദ്ധ്യത്തിൽ നില്ക്കുന്ന വ്യക്തി തക്കതഞ്ചത്തിൽ താളത്തിനൊത്തു് ഇരുന്നു് അടികളെല്ലാം തടയുകയും അതേസമയത്തുതന്നെ എതിരാളികളുടെ ആയുധങ്ങൾ പിടിച്ചുവാങ്ങുകയും ചെയ്യുന്ന അഭ്യാസം അപകടം നിറഞ്ഞ പയററാണു്. ഇതിനു് നടുക്കണ്ണത്തിലടി എന്നു പറയുന്നു.

കാത്തു സൂച്ചിച്ചിട്ട മാംകനി
കാക്ക കൊത്തുന്നേ—അള്ളോ
കണ്ടുനിന്നവർ ജനത്തിന്റെ
ഉള—കം—ക—ത്തി......

തത്തമ്മച്ചുണ്ടും ചുവപ്പും
താമരക്കയിലാളെ
താമരപ്പൂവിന്റെ വണ്ണവും
സൗന്ദര്യം കയ്യിലാളെ.

കുളം കണ്ടാൽ പലരും
വന്നിറങ്ങും—അള്ളോ
പൂവു കണ്ടാൽ പലരും
വന്നൊടിച്ചു ചൂടും.....

വരിശ്ശൂ
കിരിശൊട്ടു
മുരിശ്ശുവടിതട
പാറ കവണികൾ പലതരം
ഇത്തരം
പലയായുധങ്ങ
ളെട്ടുത്തുരാക്ഷസവീരരെ.

താംകു തളർകതി
തകിട തക തിമി
തേങ്കു ജന തമ്പി
ജനത ബിംബതി
തേങ്കു തെയ് തക
തകിർത തരികട
ചട്ടമിത്താളം
ചിന്തിക്കൂട്ടിട്ടും മേളം
അതിലാട്ടവും മേളം.

ഇന്തത്തരികിട
തിമിർ താ—ത്തെയ്.

**തെക്കും കുററിത്തമ്പുരാനും—പാണ്ടിത്തുലുക്കനുമായുള്ള യുദ്ധം**

പാണ്ടി മലയാളത്തിൻറതിരും തലയ്ക്കേ
ചെമ്പും ചെമ്പകപ്പൂമരം മുളച്ചുണ്ടായി
പാണ്ടിയാറുകാതം ഇലച്ചിൽ പടന്നേ
കൊച്ചിയേഴുകാതം ഇലച്ചിൽ പടന്നേ
കാശിരാമേശ്വരം ഇലച്ചിൽ പടന്നേ
പാണ്ടിമലയാളം ഇലച്ചിൽ പടന്നേ

ചെമ്പും ചെമ്പകപ്പൂമരം മുളച്ചുണ്ടായി
ചെമ്പകപ്പൂമരത്തിൻറിലച്ചിൽ പടന്നേ
പാണ്ടിത്തുലുക്കനാമരം വെട്ടണമെന്നും
തെക്കും കുററിത്തമ്പുരാനാമരം വെട്ടരുതെന്നും

ചുരികയും പരിചയും കയ്യിലെടുത്തേ
മുപ്പല്ലിക്കുന്തവും കയ്യിലെടുത്തേ

കിഴക്കും പടിഞ്ഞാറും
രണ്ടങ്കമിരുത്തി
തെക്കും വടക്കും
രണ്ടങ്കമിരുത്തി
മൂന്നാം ചുവടിട്ടു
മുച്ചെവിടിട്ടേ
നാലാം ചുവടേ
നടന്നു കളിച്ചു
എലിയങ്കം
പുലിയങ്കം
ചില നോട്ടമുറച്ചു
എലിമീശ
പുലിമീശ
വിറപ്പിച്ചു കോയി.

മുപ്പല്ലിക്കുന്തമെടുത്തൊരു നീട്ടുകൊടുത്തു
കണ്ണാടികളി പരിശക്കൊരു തട്ടുകൊടുത്തു
മുപ്പല്ലികുന്തം മൂന്നു മുറിയായി വീണു
മുപ്പല്ലികുന്തം മൂന്ന് മുറിയായി വീണു.

## മായാനതുറംപെരും മലയാററൂർ പള്ളി

നായാട്ടുകാരവർനായന്മാരു്
നായാടിച്ചെല്ലുമ്പോളെന്തുകിട്ടും
നായാടിച്ചെല്ലുമ്പം കിട്ടുന്നതെന്തു്
മായമില്ലാത്തൊരു പൊൻകുരിശു്
മായാനതുറം പെരും മലയാററൂരു്
താനെ മുളച്ചൊരു പൊൻകുരിശു്
വീരാളിപ്പട്ടിൽ പൊതച്ചുകൊണ്ടു്
വേകമറിയിച്ചു യോഗക്കാരെ.

# മാപ്പിളപ്പാട്ട്

**ചന്തിരനൊത്തവളോ**

ചന്തിരനൊത്തവളോ മയിലോ
ഒളിസുന്തരി പൂങ്കുളലോ
ചെഞ്ചലിൽ നെഞ്ചകമഞ്ചിടും
മുഞ്ചിന്നിൽ കഞ്ചകമൊത്തവളോ
മിന്നൊളി മിസ്കബർ കർപ്പൂര
കുങ്കുമ റയ്ഹാംപൂ ചേർന്നവളോ
മാരണാവൻ കൊതി നേരിടുകിൽ
പടമാറിടുക ഉണർവിൻ.

**കാടുവനം**

കാട്ടുവനം മലകല്ലുമരം
പുവിവാടി വിറച്ചിടവേ
കാററിനും നീററിന ഊററമിന്നാൽ
കടിഞ്ഞാണമിളക്കിടവേ
കുത്തുകൾ വെട്ടുകൾ നീട്ടൊട്ടു
മോട്ടു പൊഴുത്തു തുടങ്ങിടലായ്
കട്ടിയിൽ വെട്ടുകൾ തട്ടിലവും
ചിലർ ഞെട്ടി ഉണർന്നിടലും
ചത്തിടലും, കുബിർ തത്തിടലും
ചിലർ എത്തിടലും പടയിൽ.

പ്രേമ ഗാനങ്ങൾ പാടി താളത്തിനൊത്തു് ചുവട്ടുവച്ചു കളിക്കുന്നതിന് നമ്മുടെ ഗ്രാമീണർക്കുള്ള കഴിവ് ഒന്നു വേറെ തന്നെയാണ്:—

കേട്ടോ സ്നേഹിതരെ ഞാൻ പാല
ക്കാട്ടങ്ങാടിന്നിങ്ങോട്ടുപോരുമ്പം
കുട്ടിത്തത്തക്കിളിപോലഴകൊത്തൊരു
പട്ടത്തിപ്പെണ്ണവൾ പോകിണേ
കണ്ടറിവില്ല ഞാൻ കേട്ടറിവില്ല
പിന്നങ്ങനൊരുകാരം ചോദിക്കും
നിന്നുടെ മാനസമെന്തന്നറിയാതെ
എന്നുടെ കൽബവം നീറുന്നേ
പണ്ടു നിന്നെ ഞാൻ കാണുമ്പോ
ളൊരു അല്ലിത്താമരമുട്ടല്ലേ
ഇന്നു നിന്നെ ഞാൻ കാണുമ്പോ
ളൊരു അല്ലിത്താമരപ്പൂവല്ലേ.
വെള്ളപ്പളുങ്കുപോൽ ഉള്ളവളെ
നിന്നെച്ചിന്തിച്ചിരിക്കണെ കാരിയം
ഊണുമുറക്കവുമില്ലെടി ഞമ്മ
നിച്ചിരിക്കണെതുമില്ലെടി.
പട്ടിൻറുറുമാലു സിൽക്കിൻെറ കുപ്പായം
തൊപ്പിയുമിട്ടു നടക്കിണ
ലസിർക്ക യിക്ക കിസുമെത്താണെടി
കൺമണികണ്ടു മയങ്ങല്ലെ.
കൊച്ചിലെ ഞാൻ തീയിക്ക ചെന്നപ്പം
ചാരത്തിത്തള്ളിയിട്ടയ്യാളും

അയ്യാക്കുവേണമെന്നയാളും—പിന്നെ
ഇയ്യാക്കുവേണമെന്നിയ്യാളും.
ആരാനും കെട്ടിത്തലമുല വന്നപ്പം
താനെന്തേ കരുകിറാ നോക്കിണു.

കുറിപ്പ്:— "കളരിയും പടപ്പാട്ടുകളും" എന്ന ശീഷ്കത്തിൽ ഇതിൽ ചേൎത്തിട്ടുള്ള പാട്ടുകൾ കേരളത്തിലെ വിവിധ ഭാഗങ്ങളിലുള്ള കളിക്കാരിൽനിന്നും ശേഖരിച്ചിട്ടുള്ളതാണ്. ഓരോ പാട്ടിനും ഓരോ തരത്തിലുള്ള കളി (അഭ്യാസമുറ) കളാണ്.

# ചൊവട്ടകളി അഥവാ വട്ടക്കളി

മലബാറിലെ ഹരിജനങ്ങളുടെ ഇടയിൽ നിലവിലുള്ള കളിയാണ് ചൊവട്ടകളി അഥവാ വട്ടക്കളി. കളരിയഭ്യാസത്തിൻെറ മെയ്‌വഴക്ക അഭ്യാസമുറകളാണ് ചൊവട്ടകളി. നാടൻകളി, (ഏററവും പ്രാചീനമായുള്ള കളി) കുരുക്കന്മാരുടെ കളി, അറവാനക്കളി എന്ന് അറിയപ്പെടുന്ന മൂന്നു വിധത്തിലുള്ള ചൊവട്ടകളിയിൽ ഓരോന്നിനും "നൂലാംമാല, ചുററികെട്ടി, നീങ്ങിച്ചുവട്ട്, ഒളംചവുട്ട്, ഉള്ളും പുറവും, തെക തെകത, ധി-ഥി-ഥി-താ, ഏരു്, മുട്ടത്തി, പൂവാട്ടം, ഈരടി മൂവടി, മയിലാട്ടം" പന്ത്രണ്ടു വിഭാഗങ്ങളുണ്ട്.

ഏതൊരു പ്രാചീന നൃത്ത സമ്പ്രദായത്തിനും ഉള്ളതുപോലുള്ള ഗുരുവണക്കം ഈ കളിക്കും ഉണ്ട്. നേരെ കിഴക്ക് പന്തല്ലൂര് കുഞ്ഞാത്തൻ കുരുവിനെയും, തെക്ക് മററത്തൂരു്, തൂവചംപൊയ്നം കുരുവിനെയും, വടക്ക് വാക്കാലൂര് ഉണ്ണിക്കുട്ടി കുരുവിനെയും, വലതുഭാഗത്ത് കൊണ്ടോട്ടി കുംഭത്തേയും, വന്ദിച്ചുകൊണ്ട് കളിയാരംഭിക്കുന്നു.

**നൂലാംമാല**

താനണ്ടൂന്താനന്താനേ താനിന്നാനേ
നേരാംദാ കിഴക്കാണോ പന്തല്ലൂരേ്
പന്തലല്ലൂര് കുഞ്ഞാത്തോം കുരുവാണോലോ
അവിടംദെന്ന് തെക്കാണോ മററത്തൂര്

മറവുണ്ടു,ത്തൂര് തൂമ്പം പൊയ്നം ക്രുരുവ്
അവടങ്ങന്ന് വടക്കാണോ വാക്കാലൂര്
വാക്കാങ്ങല്ലൂര്ണ്ണിക്കുട്ടി കുരുവാണോലോ
നാട്ടുണ്ടും വട്ടവട്ടം ചക്ക്യായീല്
ച ന്ദ്യാങ്ങായില് കൊററം കുരുവാണോലോ
നാലൂ്ണ്ടും കുരുവച്ചാര് ക്രുടിട്ടാണേ്......
കൊറണ്ടോണോട്ടി കുമ്പവലഭാഗാണോ
കുരുമോള്ള്-നെരത്തികളിയലപാണേ
രാവും—ം—പകലും--ം—കളിയലപാണോ.

**മയിലാട്ടം**

മയിലിനെപ്പോലെ ആടിയും, കുയിലിനെപ്പോലെ പാടിയും മെയ്വഴക്കത്തോടുക്രുടി കളിക്കുമ്പോഠം പാടുന്ന ഈരടി:—

ലെങ്കാലയിലോക്കളി
ലെന്തൊരുവാ-ങ്ങാ പാട്ട്
ലെങ്കാലയിലോ കളി
മയിലൊരു വാ-തരികിട പാട്ട്.
ലാമയിലോ കളി
ചാട്ടം കണ്ടോ-ങ്ങാ പാട്ട്
ന്തൃക്കിന്നിക്കുനമ്മള്ള
പെമ്മയിലെ-തരികിട പാട്ട്
ലിണചിററിട്ടോ കളി
ലാട്ടൂ മയിലേ-ങ്ങാ പാട്ട്.

## ഓളം ചവുട്ട്

നെടും കളരിയിലെ അങ്കപ്പോരാണ് ഒളം ചവുട്ട്. ഇരുഭാഗങ്ങളിലായ് പടപൊരുതാൻ തയ്യാറായി ചുവടുവച്ച് മുന്നേറുമ്പോൾ അതിനുതകുന്ന ഈരടികളാണ് പാടാറുള്ളത്.

വള വള വള വേണോ
വള വള വള വേണോ

എന്തെന്തും വള
കണ്ണാടിക്കരിവള
ലെങ്കവേണ്ട
മക്കിത്തെരുവള
ലെങ്കവേണ്ട

വള വള വള വേണോ
പൊരി പൊരി പൊരി വേണോ
പൊരി പൊരി പൊരി വേണോ

എന്തെന്തും പൊരി
ചോളപ്പൊരി പൊരി
ലെങ്ക വേണ്ട
കോതമ്പപ്പൊരി
ലെങ്കവേണ്ട

പൊരി പൊരി പൊരി വേണോ

ആയിരം കായിന്ന്
ആയിരം പൊന്ന്
ഒന്നല്ലേ-വള ഒന്ന്

വള വള വള വേണോ.

# വിനോദപരമായ പാട്ടുകൾ

## താരാട്ടുപാട്ട്

പാളോനെ–പാളോനെ
മയവരുകോച്ചല്ലേ
കവരൻമയ്യെന്ന പതുകിണേ
തെമ്മാരുന്ന മയ്യക്കിണ

വടമാറോട്ട മാക്കിണേ
മാക്കിണേ–മാക്കിണേ
കുഞ്ഞു വാ വാ വോ–വാ വാ വം
കുഞ്ഞു രേ രേ രോ–രേ രേ രം.

പാളോൻ=ഭർത്താവ്
മയവരു്=ചക്ക
കോച്ചുക=മോഷ്ടിക്കുക
കവരൻ=തമ്പുരാൻ.
മയ്യെന്ന പതുകിണേ=മെല്ലെമെല്ലെ വരുന്നു.
തെമ്മാരുന്ന മയ്യക്കിണ=തെക്കുനിന്നു വരുന്നു.
വടമാറോട്ട്=വടക്കോട്ട്
മാക്കിണേ=വരുന്നു.

കുറിപ്പ്:— സന്ദർഭോചിതമായി പാട്ടുപാടി ഭർത്താവിനെ രക്ഷിച്ച ഒരു തരുണിയുടെ നാവിൽനിന്നും ഉതിർന്നു വീണ ഈരടികളാണ് മുകളിലുദ്ധരിച്ചത്.

## സൂചിതകഥ

മുററത്തുനില്ക്കുന്ന വരിക്കപ്ലാവിൽ ചക്ക വിളഞ്ഞു പാകമായി കിടപ്പുണ്ട്. ഒരു നേരത്തെ പശിയടക്കുന്നതി

ന് ഒരു ചക്ക......പക്ഷേ പുരയിടം തമ്പുരാൻെറ വകയാണ്. കാവൽക്കാരന് അനുവാദമില്ലാതെ ആദായമെടുക്കാൻ അവകാശമില്ല. തമ്പുരാനറിഞ്ഞാൽ അവൻെറ തല വീഴും. വിശപ്പ്...സഹിക്കാൻപാടില്ലാത്ത വിശപ്പ്. എന്തും വരട്ടെന്നുകരുതി അവൻ പിലാവിൽ വലിഞ്ഞുകയറി. തമ്പുരാൻ തെക്കുനിന്നു വരുന്നു. "അയ്യോ," തമ്പുരാൻ കണ്ടാൽ ജീവനിൽ ജീവനായി സ്നേഹിക്കുന്ന തൻെറ ഭർത്താവിൻെറ പുറം കുളമാകും. അവളുടെ ആത്മാവിലൂടെ ഒരു മിന്നൽ പാഞ്ഞു. പരിഭ്രമം, ഭയം.

അവൾ ഏതോ നിശ്ചയിച്ചു. നിമിഷനേരം കൊണ്ടുണ്ടായ ബുദ്ധി. ഭർത്താവു നൽകിയ "ജീവനുള്ള സമ്മാനത്തെ" ഒക്കത്തേന്തി ഒരു നുള്ളു കൊടുത്തു. വേദനകൊണ്ട് ആ പിഞ്ചു പൈതൽ പുളഞ്ഞുകരഞ്ഞു. അവൾ താരാട്ടുപാടി.

അവളുടെ ഭർത്താവിനു മനസ്സിലാകുന്ന ഭാഷയിൽ. തമ്പുരാനു് അറിഞ്ഞുകൂടാത്ത ഭാഷ.

"തമ്പുരാൻ തെക്കുനിന്നു വരുന്നുണ്ട്. ചക്ക ഇടരുതു്"......താക്കീതു നൽകിയതു് അവനു് മനസ്സിലായി.

പിലാവിൽ കയറിയതെന്തിനാണെന്നു ചോദിച്ചാൽ മറുപടി ഇല്ല. പോംവഴി?

അവൻ കലികൊണ്ടു വിറച്ചു. പിലാവിൻെറ മണ്ടക്കിരുന്നുകൊണ്ട് അവളെ ശകാരിച്ചു.

"തമ്പുരാൻവേലക്കു പോകണം, അതിനു പോകണം, ഇതിനു പോകണം, മാടത്തിൽവന്നാൽ നിനക്കു ചുള്ളി ഒ

ടിച്ചു തരണം. എന്തിനാടി കൊച്ചിനെ ഇട്ടു കരയിക്കുന്ന ത്? ഏനങ്ങോട്ടിറങ്ങിവരട്ടെ"

ആകപ്പാടെ ബഹളം!!

തമ്പുരാൻ അമ്പരന്നുപോയി.

"എടാ കിടാത്ത പയ്യെ ഇറങ്ങ്, കിടാത്തി ചടച്ചു പോയല്ലോ. ഒരു ചക്ക കൂടി ഇട്ടോ" എന്നു പറഞ്ഞു് ത മ്പുരാൻ നടന്നുമറഞ്ഞു.

## കൊച്ചു മച്ചമ്പി

മനസ്സിനിണങ്ങിയ മാലനെ തെരഞ്ഞെടുക്കുവാൻ കേ രളാംഗനകൾക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു..... ആ നല്ല കാലത്തു് പാടീട്ടുള്ള ഗാനം ഇന്നും നമ്മുടെ ഗ്രാമീണരുടെ ഇടയിൽ പ്രതിദ്ധ്വനിക്കുന്നുണ്ടു്.

വല്യമനിച്ചേരെ
പറഞ്ഞുവിടപ്പ
രേരിരേരേരോ—യെൻറപ്പ
രേരിരേരേരോ
കൊച്ചു മനിച്ചേരെ
പറഞ്ഞിരുത്തപ്പ
രേരിരേരേരോ—യെൻറപ്പ
രേരിരേരേരോ.
ഏറിയ കുന്നിൽ
പെര വെയ്യപ്പ
രേരിരേരേരോ—യെൻറപ്പ
രേരിരേരേരോ

ഏറിയ കുന്നിൽ
പ്പെരവെച്ചാ
വരിണോരേംകാണാം
പോണോ രേം കാണാം

രേരിരേരേരോ-യെൻറപ്പ
രേരിരേരേരോ.

മദ്ദളം കൊട്ടുന്ന
മച്ചമ്പിച്ചേട്ടനി
ഞ്ഞിപ്പുറേ വായെടൊ

നിന്ന്യേം കാണാം
ലെന്ന്യേം കാണാം
വെറെറം തിന്നാം
കൊട്ടേം നെയ്യാം

രേരിരേരേരോ-യെൻറപ്പ
രേരിരേരേരോ.

# തലപ്പന്ത് അഥവാ കുററിപ്പന്ത്

വളരെ വാശിയേറിയ നാടൻ കളിയാണ് തലപ്പന്ത് അഥവാ കുററിപ്പന്ത്. "ഫുഡ്ബോൾ" കളിയെക്കാൾ വിനോദപരവും, വ്യായാമം നൽകുന്നതും, അപകടരഹിതവുമാണ് ഇത്.

വാഴക്കച്ചി (ഉണങ്ങിയ വാഴയില) ഇരുകൈകളിലും ഒതുങ്ങത്തക്ക വലുപ്പത്തിൽ ഉരുട്ടി, വാഴവള്ളികൊണ്ട് കമനീയമായി വരിഞ്ഞ് പന്തുണ്ടാക്കിയാണ് കളിക്കുന്നത്. ഇപ്പോൾ തുകൽപ്പന്തും ഉപയോഗിക്കാറുണ്ട്. ഇരുവശങ്ങളിലും കയ്യാല (കയ്യാല) ഉള്ള ആറടിപ്പാതയിലാണ് ഗ്രാമീണർ സാധാരണ കളിക്കുന്നത്. കളിയുടെ നിശിതമായ നിയമങ്ങൾ പാലിക്കുന്നതിന് സൗകര്യമുള്ളതുകൊണ്ടാണ് പ്രസ്തുത സ്ഥലങ്ങൾ കളിക്കുന്നതിനായി തെരഞ്ഞെടുക്കുന്നത്. ഏകദേശം ഫുട്ബാൾ ഗ്രൗണ്ടിൻെറ നീളവും, പകുതിയിൽ കുറഞ്ഞ വീതിയുമാണ് തലപ്പന്തുകളിയ്ക്ക് വേണ്ടതെന്നനുമാനിക്കാം,

രണ്ടടി പൊക്കമുള്ള ഒരു കുററിനാട്ടി അതിനു പുറകിലായി ഒരു ഭാഗക്കാരും മറുകരയിൽ എതിരാളികളും അണിനിരന്ന് കളി തുടങ്ങും.

തലപ്പന്ത്
ഒററ
ഇരട്ട
പിടിച്ചാംകുത്ത്

താളം (കൈത്താളം, തുടത്താളം)
കാലും കീഴ്
ഇട്ടുവെട്ട് അഥവാ ഇട്ടാം വെട്ട്

പട്ടം......ഓരോന്നും മൂന്നുവരെ കളിക്കണം. പന്ത് നേരെ അടിക്കണം. ഇരുവശങ്ങളിലുമുള്ള അതിത്തി വിട്ടുപോകാൻപാടില്ല. ഒരിക്കൽ കയ്യോ കാലോ ഓങ്ങിയാൽ പന്തിൽ കൊള്ളുകയും നേരെ പോകയും വേണം. ഉയൎന്നുവരുന്ന പന്ത് പിടിച്ച് നിലത്തുകുത്തി കുററിയിൽ കൊള്ളിച്ചാൽ ആ ഭാഗക്കാൎക്ക് ഒരു പോയിൻറ് കിട്ടും. കുററിയുടെ ഭാഗത്തു നില്ക്കുന്നവർ ഉയൎന്നുവരുന്ന പന്ത് കൈകൾകൊണ്ടു പിടിച്ചാൽ അവൎക്ക് പോയിൻറ് ലഭിക്കും. നിലം പതിച്ച പന്ത് രണ്ടാമതും ഉയൎന്നാൽ കൈകൊണ്ടു തൊടാൻ അനുവദിക്കുകയില്ല. മററ് യാതൊരു സമയത്തും കൈകൊണ്ട് തൊടാൻ അനുവാദമില്ല. അപ്രകാരം തൊട്ടാൽ പോയിൻറ് നഷ്ടമാകും. എതിരാളികൾക്ക് പോയിൻറ് കിട്ടും. അങ്ങനെ നിരവധി നിയമങ്ങൾക്ക് വിധേയമായിട്ടുള്ള കളിയാണ് തലപ്പന്തു കളി.

"ഒററ, ഇരട്ട, താളം" എന്ന പ്രയോഗങ്ങൾ വളരെ അൎത്ഥവത്തുള്ളതാണ്. ഉദാഹരണമായി "കാലും കീഴ്" കളിക്കുമ്പോൾ കാലിൻെറ ഇടയിൽ കൂടി പന്തെടുത്ത് കൈകൊണ്ട് അടിക്കുന്നു. പട്ടം അടിച്ച് മൂന്നു പോയിൻെറടുത്താൽ കളി ജയിച്ചു. സാധാരണ അഞ്ചുപേർവരെയാണ് ഒരു വശത്തു നിന്നു കളിക്കുന്നത്. കാണാൻ രസമുള്ളതും, വാശിയേറിയതുമായ തലപ്പന്തുകളി വായിച്ചു പഠിക്കുന്നതിനെക്കാൾ, കളിക്കുന്നവരുടെ കൂടെ കളിച്ചു പഠിക്കുന്നതാണ് ഉത്തമം.

# കിളിത്തട്ടുകളി

ആയാസമുള്ളതും, അപകടം നിറഞ്ഞതുമാണ് കിളിത്തട്ടുകളി. അഞ്ചുപേരുടെ വീതമുള്ള രണ്ടു ഭാഗക്കാരാണ് സാധാരണ കളിക്കുന്നതു്. ഒരാൾ "കിളിയും" ബാക്കി നാലുപേർ എതിരാളികളെ തങ്ങളുടെ "തട്ടിൽ" കാക്കുന്നവരുമാണ്. ചിലപ്പോൾ രണ്ടു ഭാഗക്കാർക്കും കൂടി ഒരു "പൊതുക്കിളി"യായിരിക്കും. തട്ടിന്റെ നാലുവശത്തുള്ള വരയിൽ കൂടിയും, നടുവരയിൽ കൂടിയും, നിന്നോ, നടന്നോ, ഓടിയോ, കോണോടു കോണ് ചാടിയൊ എതിരാളികളെ തൊടുന്നതിന് കിളിക്കു സൗകര്യം കൊടുത്താൽ അവക്ക് പിന്നെ കളിയില്ല. അവർ മറുഭാഗക്കാർക്ക് പാസ്സ കൊടുക്കണം. തൊടുക എന്നതു് ചിലപ്പോൾ കാലുമടക്കി അടിക്കുകയോ കൈകൊണ്ടു് വേദനയുളവാകത്തക്കവണ്ണം അടിക്കുകയോ ആയിരിക്കും. പക്ഷേ ചാടിവരുന്ന ആയത്തിന് തറയിൽ കയ്യു തൊടുന്നതിനോ കളത്തിനു വെളിയിലോ ഉള്ളിലോ കാലു വെയ്ക്കുന്നതിനോ അനുവാദമില്ല. കിളി പാസ്സ കൊടുക്കുന്ന വശത്തു കൂടി മുകളിൽ പറഞ്ഞ നിയമത്തിനു വിധേയമായി കാത്തുനില്ക്കുന്ന എതിർ പാർട്ടിയുടെ ഒന്നാം കളത്തിൽ വെട്ടിത്തിരിഞ്ഞു "വെട്ടിച്ചു്", കാത്തുനില്ക്കുന്നവനും കിളിക്കും തൊടുന്നതിനോ അടിക്കുന്നതിനോ സൗകര്യം നൽകാതെ മറുതട്ടിൽ ചാടി......ഓരോ തട്ടുകളും കഴിഞ്ഞു് അപ്രകാരം തന്നെ വീണ്ടും മുകളിലേക്കു വരുന്നു. താഴോട്ടു വരുന്നവരെ "ചപ്പെന്നും" മുക

ളിലോട്ടുവരുന്നവരെ "ഉപ്പെന്നും" പറയുന്നു. ഉപ്പും, ചപ്പും ഒരു തട്ടിൽ വരാൻ പാടില്ല. നടുവരയിൽ പൂട്ടിട്ട് എതിർ പാർട്ടികളുടെ ചാടിക്കളിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തെ തടയുവാൻ കിളിക്കവകാശമുണ്ട്. ആരെങ്കിലും ഒരാൾ ഉപ്പു കയറിയാൽ ആ പാർട്ടി ജയിച്ചു. ഈ ചെറിയ വിവരണം കളിയുടെ പൂർണ്ണരൂപമെന്ന് ആരും തെററിദ്ധരിക്കരുത്.

# കുടുകുടു കളി

ഏതാണ്ടു് പ്രാചീന യുദ്ധസമ്പ്രദായത്തിൻെറ രീതിയാണു് കുടുകുടു കളി. കടകം തിരിഞ്ഞും, വെട്ടിച്ചും അതിവേഗത്തിൽ ഓടുന്നതിനും, "കുടുകുടു" എന്നു പറഞ്ഞു് സാധാരണയിൽ കവിഞ്ഞു് ശ്വാസം പിടിക്കുന്നതിനും, നാലഞ്ചുപേർ ചേൎന്നു് പിടിച്ചാലും തന്മയത്വത്തോടുകൂടി അവരിൽനിന്നും രക്ഷപ്പെട്ടു് തൻെറ കളത്തിൽ ഓടിയെത്തുന്നതിനും തക്ക കരുത്തും മനോധൎമ്മവും ഉള്ളവൎക്കു മാത്രമെ കുടുകുടു കളിച്ചു് വിജയം നേടുവാൻ സാധിക്കയുള്ളു.

കുടുകുടു കളി സ്ഥലത്തിൻെറ വിസ്തീൎണ്ണമുള്ള കളത്തിൻെറ മദ്ധ്യഭാഗത്തു് ദൂരെനിന്നു നോക്കിയാൽ കാണത്തക്കവിധത്തിൽ കുറുകെ വരയിട്ടു്......ഇരുഭാഗങ്ങളിലുമായി കളിക്കാർ അണിനിരന്നു് കളി തുടങ്ങും. സാധാരണ അഞ്ചു മുതൽ പന്ത്രണ്ടാളുകൾവരെയാണു് ഒരു സൈഡിൽ കളിക്കുന്നതു്. ഒരാൾ "കുടുകുടു" എന്നു് ഉച്ചരിച്ചുകൊണ്ടു് മറുകളത്തിൽ കയറി ശ്വാസം വിടാതെയും എതിരാളികൾക്കു പിടികൊടുക്കാതെയും ആരെയെങ്കിലും തൊട്ടിട്ടു് ഓടി തൻേറതായ കളത്തിൽ വരണം. ഉടനെ അയാളെ തുടൎന്നു് മറെറാരാൾ മറുകരയിൽനിന്നും ഇങ്ങോട്ടും. അങ്ങനെ തുടൎന്നുപോകുന്ന കളിക്കിടയിൽ തൊടാൻ അനുവദിച്ച വ്യക്തിയും എതിരാളികളുടെ ബന്ധനസ്ഥനായ വ്യക്തിയും കളിക്കാൻപാടില്ല. തൊടാൻ അനുവദിച്ചവരെ "ചത്ത

എന്നാണു് പറയുന്നതു്. മറുകരയിൽ ഒരാൾ "ചത്താൽ" എതിർ കരയിൽ "ചത്ത" ഒരു വ്യക്തി ജീവിക്കും.

ഒരു പാർട്ടിയിലുള്ളവരെല്ലാം ചത്തോ, ബന്ധന സ്ഥരായോ തീരുമ്പോൾ ആ പാർട്ടി, കളിയിൽ പരാജിത രാകുന്നു. നിശിതമായ നിയമത്തെ എതിർക്കുന്നതിനു സാദ്ധ്യമല്ലാത്തതുകൊണ്ടു് അപകട സമ്പൂർണ്ണമായ കായിക വിനോദമെങ്കിലും അത്യാഹിതങ്ങൾ സംഭവിക്കാറില്ല. സാമാന്യ ചിത്രീകരണം മാത്രമാണു് മുകളിലുദ്ധരിച്ചതു്.

# കേരളത്തിലെ ചില നാടൻകലകൾ

## കുട്ടികളുടെ കളികൾ

മാതാപിതാക്കന്മാരുടെയോ, ബന്ധുജനങ്ങളുടെയോ, അദ്ധ്യാപകന്മാരുടെയോ പ്രേരണ കൂടാതെ കുട്ടികളുടെ ഇടയിൽ നൂററാണ്ടുകളായി പ്രചരിക്കുന്നതും, മാനസീകവളൎച്ചയെ തട്ടിയുണൎത്തുന്നതുമായ ചില കളികൾ: —

1. അപ്പിനി ഇപ്പിനി ഇന്തിപ്പൂ
സൎക്കാർ രാജാ മല്ലപ്പൂ
ല്ല—ല്ലീ—ല്ലം
നിപ്പോ, ഇരുപ്പോ, ഓട്ടോ, ചാട്ടോ?

2. ആത്തിൾ ഇത്തിൾ
പറങ്കിപ്പാളെ
കൊട്ടുമ, ശട്ടുമ സൾ.

3. അശ്ശു കുശ്ശു വെടി
പുക മണം നാററം

4. കണ്ണാം പൊത്താരോ
കാട്ടിക്കുറുങ്ങാലി (കാട്ടിലുറുമ്പാരോ)
എത്തിര മുട്ടയിട്ടു.

5. കാരയ്ക്ക മൂരയ്ക്കാ
മരപ്പട്ടി പിടിയോട്ടം.

6. ക്രുന ക്രുന നീ എവിടെപ്പോണു
ക്രുനംകുളങ്ങര ഉപ്പിനുപോണു

ആന വന്നാ നീയെന്തെടുക്കും
ആലും മൂട്ടിൽ പാത്തിരിക്കും
കുതിര വന്നാ നീയെന്തെടുക്കും
ക്രന്നവലിച്ചോരു കുന്തുകൊടുക്കും.

7. ഇരുതല
8. ഈക്കിത്തമ്പൽ
9. ഈച്ചേ ഈച്ചക്കൊട്ടാരം
10. ഉറുമ്പുകളി
11. ഓലാം ഞാലി
12. കള്ളനും ശിപായിയും
13. കലം തല്ലി
14. കഞ്ഞിം കറിം (കഞ്ഞിയും കറിയും)
15. കാക്കക്കളി
16. കുഴിപ്പാറ
17. കുഴിപ്പന്ത്
18. കുട്ടിം കോലും
19. ക്ലാസ്സുകളി
20. ചക്രകളി
21. തവളകളി
22. തേരും കുതിരേം
23. പല്ലികളി
24. പാറകളി

    a. എടച്ചിൽ
    b. ഒററകുത്ത്
    c. അല്ലുകല്ല്
    d. ഞൊട്ടുകളി.

25. ഞൊണ്ടിക്കുതിര
26. രാജാവും മന്ത്രിയും
27. വട്ടുകളി (ഗോലികളി)

**കുട്ടികളുടെ കണക്ക്**

28. ഞങ്ങളും ഞങ്ങളോളം
ഞങ്ങളിൽ പകുതിയും
അതിൽപ്പകുതിയും
ഞാനും കൂടി ചേന്നാൽ
നൂറ്
എന്നാൽ ഞങ്ങളെത്ര?

**വെള്ളത്തിലെ കളികഠം (ജലക്രീഡകഠം)**

29. ഉണ്ടയിടുക
30. ഉപ്പുചാക്കു മറിക്കുക
31. നീർക്കുഴിയിടുക
32. കല്ലുവെട്ടാം കുഴിയേതേതോ
കായംകുളത്തിൻെറ തെക്കേതോ
ഞാനിട്ടും പാറ ആരെടുക്കും
ഞാനെടുക്കും
എന്നാലൊന്നെടുത്താട്ടോ
എന്നാലൊന്നിട്ടാട്ടോ?
പ്രാചീനകലകളും കളിയും
33. നിരവധി രീതിയിലുള്ള ഓണക്കളികഠം
34. ഓണത്തല്ല്
35. കഥകളി
* 36. ഊളൻകളി

* 37. കരടികളി
* 38. കട്ടവാകളി
39. പന്നികളി
40. കുറവരുകളി
41. വേടരുകളി
42. കിണ്ണൻകളി
43. താലം കളി
44. ചൊവട്ടുകളി
45. ഐവർകളി
46. യാത്രക്കളി
47. ഏഴാമത്തുകളി
48. ഗരുഡൻകളി (ഗരുഡൻ പറക്കൽ)
49. വേലകളി
50. ഓച്ചിറക്കളി
* 51. കാത്താവെട്ട്
52. അറവാനക്കൊട്ട്
53. ആപ്പിണ്ടി
54. താലപ്പൊലി
* 55. പാക്കനാരാട്ടം
56. കാവടിയാട്ടം
57. ചിക്കിയാട്ടം
58. മോഹിനിയാട്ടം
59. അയ്യപ്പനാട്ടം
60. പാമ്പാട്ടം
61. ബൊമ്മയാട്ടം
62. നീലിയാട്ടം

* 63. കാക്കരാശി
64. ഓട്ടംതുള്ളൽ
65. പറയൻതുള്ളൽ
66. ചാവുതുള്ളൽ
* 67. പെൺചാവുതുള്ളൽ
* 68. കോലംതുള്ളൽ
* 69. ഭദ്രകാളിത്തുള്ളൽ
70. പുതിച്ചാവുതുള്ളൽ
71. പൂപ്പട
72. പടേണി (പടയണി)
73. അടിതട
74. ഗുസ്തി
* 75. അരിവാൾപ്പയററ്
* 76. കളരിപ്പയററ്
* 77. വാൾപ്പയററ്
78. വടിവീശ്ശ്
79. വടിത്തല്ല്
80. എയ്ത്ത മത്സരം
81. മലവർഗ്ഗക്കാരുടെ കളികൾ
82. പഞ്ചീസ്സ്
83. ചതുരംഗം
84. ഇരുപത്തെട്ടുനായും പുലിയും
85. വില്ലടിച്ചാം പാട്ട്
86. ഉടുക്കുപാട്ട്
87. പുള്ളുവർ പാട്ട്
88. വേലർപാട്ട്

89. പറയർപാട്ട്
90. മാവേലിപ്പാട്ട്
91. ബ്രാഹ്മിണിപ്പാട്ട്
* 92. ഞാററുപാട്ട്
* 93. ഭദ്രകാളിപ്പാട്ട്
94. അമ്മാനപ്പാട്ട്
* 95. പൊലിവു പാട്ട്
96. ഊഞ്ഞോൽപാട്ട്
97. തെക്കൻപാട്ട്
98. വടക്കൻപാട്ട്
* 99. കാട്ടിലെ പാട്ട്
100. മാപ്പിളപ്പാട്ട്
101. കൃഷിപ്പാട്ട്
102. വള്ളപ്പാട്ട്
103. പൂരംപാട്ട്.

കുറിപ്പ്:—

* അടയാളം കൊടുത്തിട്ടുള്ള കലകളെപ്പററി വാരികകളിലും വിശേഷാൽപ്രതികളിലും എഴുതിയിട്ടുള്ള ലേഖനങ്ങൾ നോക്കുക.

# രണ്ടു വാക്കു്

കേരളത്തിൻെറ വിവിധഭാഗങ്ങളിൽനിന്നും ശേഖരിച്ചിട്ടുള്ള 70-ൽ പരം നാടൻപാട്ടുകളും അതിൻെറതായ നാടൻ കലകളുടെ ചെറിയ വിവരണവും, കേരളത്തിലങ്ങോളമിങ്ങോളം കാണാവുള്ള 105-ൽപരം നാടൻ കലകളുടെ ഒരു ലിസ്റ്റുമാണു് ഇതിലെ ഉള്ളടക്കം. നാലഞ്ചു പാട്ടുകളൊഴികെ മറെറല്ലാ പാട്ടുകളും "കൗമുദി, നവയുഗം, മലയാളമനോരമ, മാതൃഭൂമി" വാരികകളിലും മററും പ്രസിദ്ധീകരിച്ചിട്ടുള്ളതും, അഖിലേന്ത്യാ റേഡിയോ തിരുവനന്തപുരം നിലയത്തിൽനിന്നു് പ്രക്ഷേപണം ചെയ്തിട്ടുള്ളതുമാണു്.

## പാട്ടുകൾ ശേഖരിക്കുന്നതെങ്ങനെ

നാടൻപാട്ടുകൾ ശേഖരിക്കുന്നതു് അത്ര എളുപ്പമുള്ളകാര്യമല്ല. പഴയ പാട്ടുകൾ ഓർമ്മയുള്ള വ്യക്തികൾ വളരെ വിരളമാണു്. പ്രാചീനഗാനങ്ങൾ പാടുന്നതുതന്നെ അവജ്ഞയായിട്ടാണു് അവർ കരുതുന്നതു്. ചില ഓണംകേറാമൂലകളിൽ ചുരുക്കം ചില വയോവൃദ്ധന്മാർ ജീവിച്ചിരിപ്പുണ്ടു്. പട്ടിണിയുടെ ഘോരദംഷ്ട്രകളിലകപ്പെട്ടു് നരകയാതന അനുഭവിക്കുന്ന വയോവൃദ്ധന്മാരുടെ കാലംകൂടി കഴിഞ്ഞാൽ കൈരളിയുടെ അനർഘസമ്പത്തുക്കൾ അവരോടുകൂടി മൺമറയും. ഗ്രാമീണർക്കു് വിദേശിയും വിശിഷ്യാ നിർദ്ധനനുമായ എന്നെപ്പോലുള്ള യുവാക്കൾക്കു് അവരുടെ വീടുകളിലും "ചാള"കളിലും പ്രവേശനം ലഭിക്കുന്നതുതന്നെ എളുപ്പമല്ല. പ്രഭാതം മുതൽ പ്രദോഷംവരെ പണിചെയ്തു് അന്തിക്കു് കൊട്ടിലുകളിൽ വന്നു് വല്ലതും കാച്ചിക്കരിച്ചു് മോന്തി പള്ളനിറച്ചു് "കിലുങ്ങി"ക്കിടക്കുന്നവർക്കു് പാടുന്നതി

നുള്ള "അക്കി" കാണുകയില്ല. ഉണർവോ ഉന്മേഷമോ ഉണ്ടായിരിക്കില്ല. പാട്ടവിളക്ക് അത്താഴമുണ്ണുന്നതിനുമുമ്പുതന്നെ "കരിന്തിരി"കത്തി ചൂട്ടുവെളിച്ചത്തിലായിരിക്കും പാ വിരിക്കുന്നതു്. അവരുടെ എളിയ കഴിവിലുള്ള അത്താഴത്തിൻെറ ഓഹരി കഴിച്ചിട്ടു്.........അവരിൽനിന്നും കൈരളിയുടെ മുത്തുമാലകൾ കാണ്ടെത്തു് ഭാവിതലമുറയ്ക്കു് കാഴ്ചവെയ്ക്കുവാൻ നാടുമുഴുവൻ അലഞ്ഞുനടക്കുന്ന എൻെറ യാതനകൾ: —

"കമ്മ്യൂണിസ്റ്റുകാരനാണു്—അവനെ വിടാൻ പാടില്ല", ഒരു കൂട്ടർ ബഹളമുണ്ടാക്കുമ്പോൾ "കോൺഗ്രസ്സ്മൂരാച്ചിയാണെന്നു്" മറെറാരു കൂട്ടർ തട്ടിവിടും. "കള്ളനാണെന്നു്" ചിലർ മുദ്രയടിക്കുമ്പോൾ "പെണ്ണുപിടിക്കാൻ വന്നവനാണെന്നു്" വേറൊരു വിഭാഗം പറഞ്ഞുപരത്തും. എന്തിനേറെപ്പറയുന്നു; ജീവനെപ്പോലും തൃണവൽഗണിച്ചു് കന്യകുമാരി മുതൽ കാസർകോടുവരെ...........നാടിൻെറ മുക്കിലും മൂലയിലും, ഭീകരമായ വനാന്തർഭാഗത്തും അലഞ്ഞുനടന്നു് ചൂട്ടുവെളിച്ചത്തിലും നിലാവെളിച്ചത്തിലുമാണു് ഈരടികൾ പാടിക്കേട്ടു് കുത്തിക്കുറിച്ചെടുത്തിട്ടുള്ളതു്. വഴിനടന്നു ക്ഷീണിച്ചു് ഒരു നേരത്തെ പശിയടക്കുന്നതിനു് നമ്മുടെ നാട്ടിലെ നിരവധി ധനവാന്മാരുടെ വീടുകളിൽ ഞാൻ സമീപിച്ചിട്ടുണ്ടു്. നിരാശയോടുകൂടി മടങ്ങുകയായിരുന്നു എൻെറ അനുഭവം. പട്ടിണിക്കാരായ കൃഷ്കരും, കൃഷ്കത്തൊഴിലാളികളും വിദ്യാൎത്ഥികളും, യുവാക്കളും ആത്മാൎത്ഥമായ സഹായസഹകരണങ്ങൾ നല്കിയതുകൊണ്ടാണു് പാട്ടുകൾ ശേഖരിക്കുവാൻ എനിക്കു സാധിക്കുന്നതു്. പത്തുവൎഷത്തെ അക്ഷീണപരിശ്രമം, നിരന്തരമായി പട്ടിണി കിടക്കുന്നതിനുള്ള സഹനശക്തി, യാതനകളെ തരണം ചെയ്യുന്നതിനുള്ള ദൃഢനിശ്ചയം.........3000-ൽ പരം പ്രാചീനഗാനങ്ങൾ ശേഖരിക്കുവാൻ സാധിച്ചിട്ടുണ്ടു്. ഇനിയും നിരവധി പാട്ടുകൾ ശേഖരിക്കാനുണ്ടു്. ശേഖരിച്ചതുതന്നെ പലരിൽനിന്നും പാടിക്കേട്ടു് തെററു തിരുത്തേണ്ടതായിട്ടുണ്ടു്.

പാട്ടുകൾ ശേഖരിക്കുമ്പോൾ ചില സംഗതികൾ പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. എത്ര നല്ല ഈരടികളായിരുന്നാലും, പലയിടത്തും സഞ്ചരിച്ച് പലരിൽനിന്നും പാടിക്കേട്ടതിനു ശേഷമെ പ്രസിദ്ധീകരിക്കാറുള്ളു. പ്രാദേശീയമായി പാട്ടിൻെറ പിന്നിലുള്ള കഥ, ബന്ധം, ഏതേതു സന്ദർഭങ്ങളിലാണ് പാടാറുള്ളതു്, ആരിൽനിന്നുമാണ് പാടിത്തരുന്നവർ പഠിച്ചതു്, ഒരിക്കൽ പാടിക്കേട്ട് കുത്തിക്കുറിച്ചെടുത്തതിനു ശേഷം രണ്ടാമതും അവരെക്കൊണ്ടു പാടിച്ചാൽ ഉണ്ടാകാറുള്ള ആശയത്തിൻെറ വ്യതിയാനം, പാടുന്നവർ സ്വയമായി ചേർക്കുന്ന നൂതന ആശയങ്ങൾ എന്നുള്ള പലതിനെപ്പററിയും സസൂക്ഷ്മപഠനം ചെയ്തതിൻെറ ശേഷം മാത്രമെ ഞാൻ സംതൃപ്തനാകയുള്ളു. ചുരുക്കത്തിൽ ഒരൊററ ഈരടിയുടെ തെററു തിരുത്തുന്നതിനായി ചിലപ്പോൾ കേരളമൊട്ടാകെ സഞ്ചരിച്ച് അറിയാവുന്നവരെ തേടിപ്പിടിച്ച് പാടിക്കേട്ട് തെററുകൾ തിരുത്തിയതിനു ശേഷമെ പ്രസിദ്ധീകരിക്കുന്നതിന് മുതിർന്നിട്ടുള്ളു. ഗാനങ്ങൾ എഴുതി പ്രാചീന ഗാനങ്ങളാണെന്നു് ലേബലൊട്ടിച്ച് മുതലെടുക്കുന്ന അനേകമാളുകൾ ഇന്നു് കേരളത്തിലുണ്ട്, റേഡിയോവിൽകൂടി പ്രക്ഷേപണം ചെയ്യാറുണ്ട്. പേരും പെരുമയുമുള്ള സാഹിത്യകാരന്മാരും, കലാകാരന്മാരും ബിരുദധാരികളും ഇപ്രകാരം ചൂഷണം ചെയ്യുന്നതു വഞ്ചനയാണെന്നു് അവർക്കു തന്നെ ബോദ്ധ്യം വരാത്തകാലത്തോളം ഇന്നത്തെ വ്യവസ്ഥിതിയിൽ ഇങ്ങനെയുള്ള ഒളിച്ചുകളി അവസാനിപ്പിക്കുന്നതിന് സാധിക്കയില്ല.

## നാടോടിപ്പാട്ടുകൾ - റേഡിയോവിൽ

നാടോടിപ്പാട്ടുകൾ റേഡിയോവിൽകൂടി പ്രക്ഷേപണം ചെയ്യാറുണ്ട്. ഞാനും പല പ്രാവശ്യം പ്രക്ഷേപണംചെയ്തിട്ടുണ്ട്. നാടൻപാട്ടുകളുടെ കർണ്ണാനന്ദകരമായ ഈണത്തിനു പകരം വികൃതമായ ശാസ്ത്രീയ സംഗീതത്തിൻെറ പ്രതീതിയായിരിക്കും ശ്രോതാക്കൾക്കനുഭവപ്പെടുന്നതു്. പൊട്ടലും, ചീററലും, ഇരമ്പലും

പിന്നണി വാദ്യമേളങ്ങളും കഴിഞ്ഞാൽ ഒന്നുംതന്നെ കേൾക്കാനില്ല. ചില പഴയ പാട്ടുകൾ കുറിച്ചെടുത്തു് റേഡിയോ അധികൃതരുടെ സേവപിടിച്ചു്, അവർക്കിഷ്ടമുള്ളപ്പോൾ, അവരുടെ സ്ഥിരം കലാകാരന്മാരെ, ഹൃദിസ്ഥമാക്കിവച്ചിരിക്കുന്ന രീതികൾ പഠിപ്പിച്ചു്, പ്രക്ഷേപണത്തിനു തുടങ്ങുമ്പോൾ പഠിച്ചതെല്ലാം പാടെ മറന്നു് "വായിൽവന്നതു് കോതയ്ക്കു പാട്ടു്" എന്ന മട്ടിൽ പാടി അവസാനിപ്പിക്കുന്നതുകൊണ്ടാണു് ഇപ്രകാരം സംഭവിക്കുന്നതു്. മററു ചിലർ ചില ഈരടികൾ കുത്തിക്കുറിച്ചു് സ്വന്തമായി രീതി നിർമ്മിച്ചു് നാടോടിപ്പാട്ടാണെന്നുള്ള പ്രസ്താവനയോടുകൂടി അവതരിപ്പിക്കുന്നതും ദുർല്ലഭമല്ല. ഈ നയം റേഡിയോ അധികൃതർ അവസാനിപ്പിക്കണം. നാടോടിപ്പാട്ടുകളെപ്പററി ഗവേഷണംചെയ്തു പഠിച്ചിട്ടുള്ള ഒരു വ്യക്തിയെ റേഡിയോ നിലയത്തിൽ സ്ഥിരം കലാകാരനായി നിയമിക്കുകയും അയാളുടെ മേൽനോട്ടത്തിൽ ഗ്രാമീണഗായകർ തന്നെ ഈ പരിപാടിയിൽ പങ്കെടുക്കുവാൻ അവസരം നൽകാത്തകാലത്തോളം റേഡിയോവിൽ കൂടി നാടൻപാട്ടുകൾ അവതരിപ്പിക്കുന്നതു് കേരളീയരോടു ചെയ്യുന്ന മഹാപരാധമാണു്.

## പുതിയ പുതിയ രീതികൾ

നാടോടിപ്പാട്ടുകളിലെ ചില വാക്കുകൾ പ്രാചീനമെങ്കിലും, ലളിതവും അനുനാസികപ്രസക്തങ്ങളുമാണു്. പുതിയ ട്യൂൺ സംവിധാനം ചെയ്യുന്നവരും, കാഥികന്മാരും മററും പ്രാചീനഗാനങ്ങളുടെ രീതി പാടെ മാററി സൗകര്യപ്പെടുന്ന രീതിയിൽ പാടുന്നതു് ഇന്നു് സർവ്വസാധാരണമാണു്. തന്നിമിത്തം പാട്ടിൻെറ മാധുര്യവും, അക്ഷരങ്ങളുടെ ഘടനയും, "Frequency"യും ചിലപ്പോൾ ആവശ്യമില്ലാതെ ചില അക്ഷരങ്ങൾ നീട്ടിയും കുറുക്കിയും വിഴുങ്ങിയും, പാട്ടിൻെറ അർത്ഥവും താളവും മേളവും നശിക്കുന്നതു് ക്ഷന്തവ്യമല്ല.

## നാടൻ കലകൾ

നമ്മുടെ നാടൻ കലകളെല്ലാംതന്നെ പ്രാകൃതരൂപത്തിലാണ് വല്ലപ്പോഴും വല്ലയിടത്തും പ്രത്യക്ഷപ്പെടാറുള്ളത്. നൃത്തസംവിധാനങ്ങളെല്ലാം, ആടിപ്പാടി ബോധംകെട്ട് ഉറഞ്ഞുവീഴുന്നതായിട്ടാണ് കാണാറുള്ളത്. പാട്ടുകൾ സൂക്ഷ്മമായി ഗവേഷണം ചെയ്താൽ നമ്മുടെ പഴവന്മാർ ആസൂത്രണം ചെയ്തിട്ടുള്ള കലകൾ അപ്രകാരമല്ലായിരുന്നു എന്ന് പെട്ടെന്നു മനസ്സിലാക്കാൻ സാധിക്കും. ഈ തത്വം മനസ്സിലാക്കിട്ടുള്ള "കേരളാ ആർട്ട്സ് ക്ലബ്ബ്" രണ്ടു വിധത്തിലാണ് നാടൻകലകൾ അവതരിപ്പിക്കുന്നത്. പ്രാകൃതമായി നമ്മുടെ ചുററുപാടും കാണുന്ന കലകൾ അതേ രൂപത്തിൽ പ്രദർശിപ്പിച്ചതിനു ശേഷം ശാസ്ത്രീയമായി ഗവേഷണം ചെയ്ത് പഴമ കളയാതെ പുതുമയോടുകൂടി അവതരിപ്പിച്ച് പ്രേക്ഷകരുടെ വിമർശനങ്ങളും, അഭിപ്രായങ്ങളും ആരാഞ്ഞ് തെററുകൾ തിരുത്തി മുന്നേറുകയാണ്. തൊഴിലാളികളെ സംഘടിപ്പിച്ച് അവരെത്തന്നെ സ്റ്റേജിൽ അവതരിപ്പിച്ച് മുക്തകണ്ഠമായ പ്രശസ്തിയാർജ്ജിക്കുന്നതിനുള്ള ചങ്കുററവും ക്ലബ്ബിൻെറ പ്രത്യേകതയാണ്. കേരളത്തിലെ ഏതൊരു നാടൻകലയും ആവശ്യാനുസരണം അവതരിപ്പിക്കുന്നതിനും, ഓരോ കലയിലും വിദഗ്ധമായ ശിക്ഷണം നൽകുന്നതിനും കഴിവുള്ള 400-ൽ പരം കലാകാരന്മാർ ക്ലബ്ബിൻെറ നേതൃത്വത്തിലുണ്ട്. പ്രാചീന വേഷസംവിധാനങ്ങൾ ഗാനനൃത്തോപകരണങ്ങൾ മുതലായവയെപ്പററി ശരിയായ വിവരണങ്ങൾ നൽകുന്നതിനും ക്ലബ്ബിനു കഴിവുണ്ട്.

ക്ലബ്ബിൻെറ ധനപരമായ പരാധീനത........എങ്കിലും നാട്ടാരുടെ ആവശ്യമായ നാടൻകലകളും നാടൻപാട്ടുകളും കാലത്തിനനുയോജ്യമായി വളരുകയും വികസിക്കുകയും ചെയ്യുമെന്നുള്ളത് തക്കമെററ സംഗതിയാണ്.

## ഈ പുസ്തകത്തെപ്പററി

ഇതിൽ ചേർത്തിട്ടുള്ള ഓരോ പാട്ടിനും അതിൻേറതായ കളികളുണ്ട്. ഉദാഹരണമായി കൈകൊട്ടിക്കളി എന്ന പേരിൽ 10 പാട്ടുകളുണ്ട്. ഓരോ പാട്ടിനും ഓരോ തരത്തിലുള്ള കളികളാണ്. സൂചനകളും സൂചിതകഥകളും ചരിത്രപരമായ ചില തെളിവുകളുമുണ്ട്. കുട്ടികളുടെ ആവശ്യത്തിന് പാടിക്കളിക്കുവാൻ മാത്രം ഉദ്ദേശിച്ചിട്ടുള്ളതുകൊണ്ട് അവർ പാടിക്കളിക്കട്ടെ. മററുള്ളതെല്ലാം പിന്നാലെ ഉണ്ടാകുമെന്നുള്ളത് കേവലം യാഥാർത്ഥ്യമാകയാൽ തല്ക്കാലം അതിനുദ്യമിക്കുന്നില്ല.

ആരിൽനിന്നാണ് പാട്ടുകഠം ശേഖരിച്ചതെന്നുകൂടി രേഖപ്പെടുത്തണമെന്ന് പലരും എന്നോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു വ്യക്തിയിൽനിന്നോ അഥവാ ഒരു ഗ്രാമത്തിൽനിന്നോ ശേഖരിക്കുന്ന പാട്ടുകഠം നാടോടിപ്പാട്ടുകളാണെന്ന് വാദിക്കുന്നത് ശരിയല്ല. നാടു മുഴുവനും പ്രചരിച്ചിരുന്ന പാട്ടുകളാണല്ലോ നാടോടിപ്പാട്ടുകഠം. ആ സ്ഥിതിക്ക് പലരിൽനിന്നും പാടിക്കേട്ട് തെററുകഠം തിരുത്തി പ്രസിദ്ധീകരിക്കുമ്പോഠം ഒരു പാട്ടിൻെറ പിന്നാലെ ഒട്ടനേകം വ്യക്തികളുടെ പേരുകഠംകൂടി ചേർക്കേണ്ടതായിവരും. അത് പ്രായോഗികമായി സാധിക്കുന്ന ഒരു സംഗതിയല്ല.

ഈ പുസ്തകത്തിലെ ഓരോ പാട്ടും നിരവധി വ്യക്തികളിൽനിന്നും പാടിക്കേട്ടിട്ടാണ് പുസ്തകരൂപത്തിൽ വെളിച്ചത്തേക്കു കൊണ്ടുവന്നിട്ടുള്ളത്. അവരുടെയെല്ലാം പേര് രേഖപ്പെടുത്തണമെന്ന് എനിക്ക് അതിയായ ആഗ്രഹമുണ്ട്. പക്ഷേ, പത്തിരുപതുപേജുകഠം അതിനുതന്നെ വേണം. കാസർകോടുമുതൽ കന്യാകുമാരിവരെയുള്ള ഗ്രാമങ്ങളിൽ അധിവസിക്കുന്ന നിരവധി നിരക്ഷരകുക്ഷികളായ ഗ്രാമീണ ഗായകരിൽനിന്നും കുറിച്ചെടുത്തതിനു ശേഷം, സഹൃദയനും, പണ്ഡിതാഗ്രേസരനും, ഗവേഷകനുമായ വന്ദ്യവയോധികൻ ശ്രീ. എ. ബാലകൃഷ്ണപിള്ളവ

രെയുള്ള ഒട്ടനേകം സാഹിത്യകാരന്മാരെ വായിച്ചുകേൾപ്പിച്ച് അഭിപ്രായങ്ങൾ ആരാഞ്ഞതിനുശേഷമാണ് പുസ്തകരൂപത്തിൽ നിങ്ങളെ സമീപിക്കുന്നതു്. ഈരടികൾ പറഞ്ഞുതന്നിട്ടുള്ള ചില വ്യക്തികൾ പട്ടിണികിടന്ന് മരിച്ചുപോയി എന്നുള്ള പരമാത്ഥം ഓക്കുമ്പോൾ കണ്ണുനീരോടുകൂടിയാണ് സ്വതന്ത്രഭാരതത്തിൽ ഞാനിതവതരിപ്പിക്കുന്നതു്.

നിരന്തരമായ പട്ടിണികിടന്നും, പറഞ്ഞാൽ ഒടുങ്ങാത്ത യാതനകൾ സഹിച്ചും, പ്രാചീന ഗാനങ്ങളും കലകളും തേടി നാടൊട്ടുക്ക് അലഞ്ഞുനടക്കുന്ന ഞാനൊരു രോഗിയായി വലയുകയാണ്. സാഹിത്യ അക്കാഡമിയും, റേഡിയോ അധികൃതരും, വിദ്യാഭ്യാസമേലദ്ധ്യക്ഷന്മാരും മലയാള നിഘണ്ടു നിമ്മാണകരും മററും എന്നെപ്പോലുള്ളവക്കുവേണ്ടിയുള്ളതല്ല എന്നുള്ള പൂണ്ണബോദ്ധ്യത്തോടുകൂടി എൻെറ കത്തവ്യം, നാടിനോടുള്ള കടപ്പാടു് നിറവേററുകയാണ്.

എല്ലാവരോടും ഞാൻ കടമപ്പെട്ടവനാണ് കൂപ്പുകൈ!!

**പ്രേംനാഥ്.**

★

LIBRARY

2938

VILASINI LIBRA...
...AYATHIL

# നമ്മുടെ നാടൻപാട്ടുകളും നാടൻകലകളും

സമ്പാദകൻ
ശൂരനാട്